032:3M79:21 F5 HIRANMAYI VASUDEVAN MOOSAD

032:3M79:21
F5

032:3M79:21 F5
VASUDEVAN MOOSSAD
(K.).
Hiranmayi.

MUL
041944

DOCTRINA·VIM·PROMOVET INSITAM

Madras University Library.

Call Number 032:3M79:21 F5

Accession Number 41944

Available for loan from

This book should be returned on or before the date last marked below.

61

# ഹിരണ്മയി.

ഗ്രന്ഥകൎത്താ:

(ശ്രീകൃഷ്ണലീലകൾ, ഹരിശ്ചന്ദ്രൻ, ശ്രീകൃഷ്ണദൂത്, പ്രബന്ധ
ഭൂഷണം, സാഹിത്യകൌസ്തുഭം, മേപ്പത്തൂർ ഭട്ട
തിരി, ഉൎവ്വശി, പ്രാചീനഭാരതം മുത
ലായ ഗ്രന്ഥങ്ങളുടെ
കൎത്താവായ)

പണ്ഡിതർ,

കെ. വാസുദേവൻ മൂസ്സത്.

പ്രസാധകൻ.

എൻ. വെങ്കിടസുബ്രഹ്മണ്യയ്യർ.

1100

ഒന്നാം പതിപ്പ്

തൃശ്ശിവപേരൂർ.
സരസ്വതീവിലാസം പുസ്തകശാല.

വില 8-ണ.

പകൎപ്പവകാശം പ്രസാധകനുള്ളതാകുന്നു.

UNIVERSITY LIBRARY MADRAS

PRINTED BY
THE YOGAKSHEMAM CO., LTD.
AT THE MANGALODAYAM PRESS,
TRICHUR.
1100

41944
032:3M79:21
F5

# മുഖവുര.

ശ്രുതിപ്പെട്ട ബങ്കാളി നോവൽഗ്രന്ഥകാരനായ ബങ്കിം ചന്ദ്രചാററർജി എഴുതിയ 'ഹിരണ്മയി' എന്ന ഖണ്ഡകഥയുടെ ഒരു മലയാളപരിഭാഷയാണ് ഈ പുസ്തകം. ബങ്കാളിയിൽ ഈ കഥ വളരെ പ്രചാരത്തിലിരിക്കുന്ന ഒന്നാണ്.

ഈ കഥയുടെ ആസ്വാദ്യത മലയാളികൾക്കു അനുഭവിക്കുവാനിടയാക്കുന്നതിനായിട്ടാണ് ഇതു മലയാളത്തിൽ തർജ്ജമചെയ്ത് ഇങ്ങിനെ പ്രസിദ്ധം ചെയ്യുന്നത്. മൂലഗ്രന്ഥകാരൻെറ ആശയങ്ങൾക്കു വൈരൂപ്യം വരുത്താതെ ലളിതമായ മലയാളത്തിൽ ഏവക്കും എളുപ്പത്തിൽ ഗ്രഹിക്കത്തക്ക രീതിയിൽ എഴുതപ്പെട്ടതാണ് ഈ പുസ്തകം.

ബങ്കിം ചന്ദ്രചാററർജിയുടെ കൃഷ്ണകാന്തൻെറ . മരണപത്രം, വിഷവൃക്ഷം, പരിമള മുതലായ നോവലുകൾ പലതും മലയാളത്തിൽ വന്നുകഴിഞ്ഞിട്ടുണ്ടല്ലൊ. അക്കൂട്ടത്തിൽ ഈ ചെറിയ കഥാപുസ്തകത്തിന്നും കേരളസാഹിത്യത്തിൽ ഒരു സ്ഥാനം സിദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

എന്ന്

പ്രസാധകൻ.

# ഹിരണ്മയി.

## ൧-ാം അദ്ധ്യായം

### പുരന്ദരന്റെ യാത്രാരംഭം

ഒരുദ്യാനത്തിലെ ലതാഗൃഹത്തിൽ ഒരു ആൾ നില്ക്കുന്നു. ആ സമയത്ത്, ചരിത്രപ്രസിദ്ധവും പുരാതനവുമായ താമ്രലിപ്തനഗരത്തിന്റെ പരിസരത്തെ പരിശുദ്ധമാക്കിക്കൊണ്ട്, അവസാനമില്ലാത്ത നീലാകാശമൊത്ത സമുദ്രം മന്ദമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

താമ്രലിപ്തനഗരത്തിന്റെ ഒരു പ്രദേശത്ത് വിചിത്രമായ ഒരു മാളിക ഉണ്ടായിരുന്നു. അതിന്റെ സമീപത്ത് ബഹുമനോഹരമായി നിർമ്മിക്കപ്പെട്ട ഒരു ലതാഗൃഹവും ഉണ്ടായിരുന്നു. ആ ലതാഗൃഹത്തിന്റെ അദ്ധ്യക്ഷൻ **ധനദാസൻ** എന്നു പേരുള്ള ഒരു വലിയ ധനികനായ കച്ചവടക്കാരനായിരുന്നു. ആ കച്ചവടക്കാരന്റെ മകൾ ഹിരണ്മയി ലതാഗൃഹത്തിൽ ഒരു യുവാവുമായി സംസാരിച്ചുംകൊണ്ടു നില്ക്കുകയായിരുന്നു.

ഹിരണ്മയിക്കു വിവാഹത്തിന്റെ സമയം ആസന്നമായിരുന്നു. അവൾ തന്റെ മനസ്സിന്നു ബോധിച്ച

ഒരു വരനെ വരിക്കേണമെന്നുള്ള ഉദ്ദേശത്തിന്മേൽ, പതിനൊന്നാമത്തെ വയസ്സു മുതൽ ക്രമത്തിൽ അഞ്ചുസംവത്സരകാലം ഈ കടൽക്കരയിൽ വാസംചെയ്തുകൊണ്ട് സാഗരേശ്വരീദേവിയെ ആരാധിച്ചുവന്നു. എന്നാൽ അവളുടെ മനോരഥം ഇനിയും സാധിച്ചിട്ടില്ല. യൌവനദശയിലിരിക്കുന്ന ആ കന്യക ആ യുവാവിനോടുകൂടി ഏകാന്തത്തിൽവെച്ച് സംസാരിക്കുവാൻ കാരണമെന്തെന്നു ഇത് വായിക്കുന്നവൎക്കു സംശയം തോന്നിയേക്കാം.

ആ യുവാവ് ഹിരണ്മയിയുടെ ഒരു ഇഷ്ടനായിരുന്നു. അവൾ നാലുവയസ്സുള്ള ഒരു ബാലികയായിരിക്കുന്ന സമയത്ത് ആ യുവാവിന് എട്ടുവയസ്സു പ്രായമായിരുന്നു. ആ യുവാവിന്റെ പിതാവായ ശശിസൂതച്ചെട്ടി എന്നാൾ ധനദാസന്റെ സ്നേഹിതനായിരുന്നതുകൊണ്ട് ആ ബാലികയും ആ ബാലനും ഒരേ സ്ഥലത്ത് ബാല്യസുലഭമായ സ്നേഹത്തോടുകൂടി കളിച്ചുകൊണ്ടാണ് താമസിച്ചിരുന്നത്. ശശിസൂതന്റെ ഗൃഹത്തിലായിരിക്കുമ്പോഴും, ധനദാസന്റെ ഗൃഹത്തിലായിരിക്കുമ്പോഴും ഒരുപോലെ വലിയ സ്നേഹത്തിലാണ് നടന്നുവന്നത്. ഇപ്പോൾ ആ ബാലികക്കു വയസ്സ് പതിനാറായി. ബാലന്നു ഇരുപതു വയസ്സുമായി. എന്നിട്ടും അവരിരുവരും ബാല്യംമുതൽക്കേ തങ്ങളുടെ ഉള്ളിൽ വളൎന്നുവന്ന സ്നേഹബന്ധത്തെ വിട്ടില്ല. ആദ്യം എതാനുംകാലത്തേക്ക് അവരുടെ പരസ്പരസ്നേഹത്തെപ്പററി ആ

രും അത്ര ശ്രദ്ധിച്ചില്ല. എങ്കിലും യൌവനപ്രായമായപ്പോൾ അവരുടെ മാതാപിതാക്കന്മാർ ഈ ബാലികാബാലന്മാൎക്കു വിവാഹം നിശ്ചയിക്കുകയുണ്ടായി. വിവാഹത്തിന്നുള്ള മുഹൂൎത്തവും നിശ്ചയിക്കപ്പെട്ടിരുന്നു. ഇങ്ങിനെ വിവാഹത്തിന്നുള്ള സകല നിശ്ചയങ്ങളും ചെയ്തിരിക്കുന്നതിനിടയിൽ ഹിരണ്മയിയുടെ അച്ഛൻ തല്ക്കാലം വെച്ച് താൻ ഈ വിവാഹം നടത്തിക്കുവാൻ ഭാവമില്ലെന്നു പറഞ്ഞു. ആ ദിവസത്തിന്നു ശേഷം ഹിരണ്മയി പുരന്ദരനെ ഒരിക്കലും കാണുകയുണ്ടായിട്ടില്ല. ഇന്നേദിവസം പുരന്ദരൻ തന്നെ തനിക്കു ഹിരണ്മയിയോടു വിശേഷാൽ ചിലതു സംസാരിക്കാനുണ്ടെന്നും ദയചെയ്ത് ഒന്നു വന്നുപോകേണമെന്നും ഒരാൾ മുഖാന്തരം അറിയിച്ചിരിക്കുന്നു. അതുപ്രകാരം ഹിരണ്മയി ഉദ്യാനഗൃഹത്തിന്റെ സമീപത്തിൽ ചെന്നു് "എന്തു കാൎയ്യത്തിന്നാണ് എന്നോടു വരുവാൻ പറഞ്ഞയച്ചത്? ഇപ്പോൾ ഞാൻ ഒരു ബാലികയല്ല. ഇങ്ങിനെ ഞാൻ ഒററക്കു വന്ന് നിങ്ങളോടു സംസാരിക്കുന്നതു ശരിയല്ല. ഇനി എന്നോടു വരുവാൻ പറഞ്ഞയച്ചാൽ ഞാൻ വരികയില്ല" എന്നു പറഞ്ഞു.

"ഞാൻ ഇനി ഒരു ബാലികയല്ല" എന്ന വാക്ക് പതിനാറു വയസ്സുള്ള ഒരു പെൺകിടാവ് പറയുന്നതായാൽ അതു സാധാരണയായി വലിയ അൎത്ഥമടങ്ങിയിട്ടുള്ള ഒരു വാക്കാണ്. എന്നാൽ ആ വാക്കിലെ രസം ആസ്വാദിക്കുവാൻ അവിടെ ആരും ഉണ്ടായിരുന്നില്ല.

പുരന്ദരൻെറ പ്രായമാകട്ടേ മനോഭാവമാകട്ടെ ആ വിധത്തിലുള്ളതായിരുന്നില്ല.

പുരന്ദരൻ ആലതാഗൃഹത്തിൻെറ മണ്ഡപത്തിന്മേൽ പടൎന്നുകിടന്നിരുന്ന വള്ളിയിൽനിന്നു ഒരു പൂവ്വ് പറിച്ചു, അതിനെ തുണ്ടുതുണ്ടായി പിച്ചിക്കീറിക്കൊണ്ട് പറഞ്ഞു: "ഇനി ഞാൻ വിളിക്കയില്ല. ഇതാ ഞാൻ ദൂരദിക്കിലേക്കു പുറപ്പെട്ടുപോകയാണ്. ഭവതിയോടു യാത്രപറഞ്ഞുപോകാമെന്നു വിചാരിച്ചാണ് ഇവിടെ വന്നത്."

ഹിരണ്മയി—ദൂരദിക്കിലേക്കോ? എവിടേക്ക്?

പുരന്ദൻ—സിംഹളദ്വീപിലേക്ക്.

ഹിര:—സിംഹളദ്വീപിലേക്കോ? എന്തിനാണങ്ങോട്ടു പോകുന്നത്?

പുര:—എന്തിനാണ് പോകുന്നതെന്നോ? ഞാനൊരു ചെട്ടിയല്ലേ? വ്യാപാരത്തിൻെറ ആവശ്യത്തിന്നായി പോകുന്നു.

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ പുരന്ദരൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞ് ധാരധാരയായി വീഴുവാൻ തുടങ്ങി.

ഹിരണ്മയി മനസ്സുഖമില്ലാതെയായി, ഒരക്ഷരവും ഉരിയാടാതെ, എതിരേ കാണുന്ന സമുദ്രത്തിൻെറ ചെറുതിരകളിൽ സൂൎയ്യൻെറ കിരണങ്ങൾ ഭംഗിയിൽ കളിയാടുന്നതു നോക്കിക്കൊണ്ടിരുന്നു. രാവിലെ നേരമായിരുന്നതിനാൽ മന്ദമായ കുളിർകാററ് വീശിക്കൊണ്ടിരു

ന്നു. ആ മന്ദമാരുതൻ തട്ടിയുണ്ടായ ചെറുവീചികളിൽ ബാലാരുണന്റെ കിരണകന്ദളങ്ങൾ പതിഞ്ഞു് ഇളകിക്കൊണ്ടിരുന്നു. ആ കിരണങ്ങളുടെ ഉജ്ജ്വലങ്ങളായ രേഖകൾ അവസാനമില്ലാത്തതായ സമുദ്രജലത്തിൽ പരന്നുകൊണ്ടിരുന്നു. കോമളാംഗിയായ ഒരു സ്ത്രീയുടെ അംഗത്തിൽ ധരിച്ചിട്ടുള്ള രജതാഭരണങ്ങൾ പോലെ സമുദ്രതരംഗങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു. ജലചരങ്ങളായ പക്ഷികൾ, വെള്ളരേഖകളുടെ ആകൃതിയിൽ സമുദ്രതീരത്തിൽ യഥേഷ്ടം ചുററിക്കൊണ്ടിരുന്നു. ഹിരണ്മയി ഈ കാഴ്ചകളെല്ലാം നോക്കിക്കണ്ടു. നീലവർണ്ണമായ ജലരാശിയേയും, അതിലെ തരംഗങ്ങളിലുള്ള സൂര്യരശ്മികളുടെ ക്രീഡയേയും, അകലെ നിന്നിരുന്ന പടവുകളേയും, അവൾ ഉററുനോക്കി. നീലനിറം കലർന്ന വിശല്പവൃക്ഷത്തിന്മേൽ നക്ഷത്രപംക്തിയോ എന്നു തോന്നുമാറ് വട്ടത്തിൽ പറക്കുന്ന പക്ഷികളേയും അവൾ കണ്ടു. ഇങ്ങിനെ പലതും നോക്കി നോക്കി, ഒടുവിൽ നിലത്തു വീണ് വാടിപ്പോയിരുന്ന ആ പുഷ്പത്തിൽ ദൃഷ്ടി പതിച്ചു് "നിങ്ങൾ പോകണമെന്നെന്താണ്? ഇതേവരെ നിങ്ങളുടെ അച്ഛനാണല്ലോ പോയിരുന്നതു" എന്നു പറഞ്ഞു.

പുരന്ദരൻ—എന്റെ അച്ഛനു വയസ്സ് വളരെയായി. എനിക്കും ധനം സമ്പാദിക്കാൻ തക്ക പ്രായമായി. പിന്നെ എന്തിന് അച്ഛൻ പറഞ്ഞിട്ടുവേണം പോകാനെന്നു വിചാരിച്ചുംകൊണ്ടിരിക്കുന്നു?

ഹിരണ്മയി ഇതു കേട്ടപ്പോൾ ആലതാമണ്ഡപത്തിലുണ്ടായിരുന്ന ഒരു മരത്തിന്മേൽ തല ചാച്ചുംകൊണ്ട് സ്ഥിതിചെയ്തു. അവളുടെ അഴകേറിയ ഫാലപ്രദേശം പുരന്ദരൻ കണ്ടുകൊണ്ടിരിക്കേ, സങ്കുചിതമായിത്തീൎന്നു. അധരം വിറച്ചു. നാസികാദ്വാരങ്ങൾ വിരിഞ്ഞു. ഹിരണ്മയി കരയുവാൻ തുടങ്ങി.

ഉടനെ പുരന്ദരൻ തന്റെ മുഖത്തെ തിരിച്ചു. പിന്നെ ഹിരണ്മയിയുടെ കണ്ണുകൾ പല ദിക്കിലും ചുററുവാൻതുടങ്ങി. ഒരിക്കൽമുമ്പറഞ്ഞ മരത്തിന്മേൽനോക്കും. അടുത്തുതന്നെ ഭൂമിയെ നോക്കും. ക്ഷണാന്തരത്തിൽ നഗരത്തെ നോക്കും. അതിനിടയിൽത്തന്നെ സമുദ്രത്തിലേക്കും നോക്കും. ഇങ്ങിനെ പലതും നോക്കിക്കഴിഞ്ഞു. എന്നിട്ടും അവളുടെ രോദനം നിലച്ചില്ല. ബാഷ്പം അധികമായി. കവിൾത്തടം നനഞ്ഞു. അപ്പോൾ പുരന്ദരൻ കണ്ണീർ തുടച്ചുകൊണ്ടു പറഞ്ഞു: "ഈ വിവരം ഭവതിയോടു പറഞ്ഞിട്ട് പോകാമെന്നു വിചാരിച്ചാണ് ഞാനിവിടെ വന്നത്. ഭവതിയുടെ അച്ഛൻ ഭവതിയെ വിവാഹംചെയ്തുതരികയില്ലെന്നു എന്നു പറഞ്ഞുവോ അന്നു മുതൽ ഞാൻ സിംഹളദ്വീപിലേക്കു പോകേണമെന്നു മനസ്സുകൊണ്ട് തീച്ചപ്പെടുത്തിയിരിക്കുന്നു. എന്നുതന്നെയല്ല, ഇനി സിംഹളദ്വീപിൽനിന്നു തിരികെ ഇങ്ങോട്ടു വരുകയില്ലെന്നും ഞാനുറച്ചിരിക്കുന്നു. ഭവതിയുടെ ഓൎമ്മ തീരെ ഇല്ലാതായി വരുന്ന പക്ഷം പക്ഷേ മടങ്ങിവരുമോ എന്നു മാത്രമേ സംശയമുള്ളൂ. വിശേഷി

ച്ചൊന്നും സംസാരിക്കുവാൻ ഇപ്പോളെനിക്കു ശക്തിയില്ല. അങ്ങിനെ വല്ലതും പറഞ്ഞാൽ ഭവതിക്കു മനസ്സിലാവുകയുമില്ല. ഒന്നു മാത്രം ഞാൻ വ്യക്തമായി പറയാം. ഈലോകത്തിലുള്ള സംസാരഭാഗങ്ങളെല്ലാം ചേൎന്നാൽ ഒരു ഭാഗം; ഭവതി മാത്രം ഒരു ഭാഗം. എന്നാൽ ഈ ലോകമെല്ലാം കൂടിയാലും ഭവതിയുടെ ഭാഗത്തോടു തുല്യമാകയില്ല. ഇത്രമാത്രമേ ഇപ്പോളെനിക്കു ഭവതിയോടു പറവാൻ സാധിക്കയുള്ളു. അധികം പറയുവാൻ ശക്തിയില്ല”

എന്നു പറഞ്ഞ് പുരന്ദരൻ മറെറാരു ഭാഗത്തേക്ക് തിരിഞ്ഞ് പത്തടി നടന്ന് വേറെ ഒരു മരത്തിൻെറ ഇല പൊട്ടിച്ചു. അശ്രുധാര തെല്ലൊന്നു നിലച്ചപ്പോൾ പിന്നെയും മടങ്ങിവന്ന് ഇങ്ങിനെ പറഞ്ഞു: “ഭവതിക്കു എന്നിൽ ദൃഢമായ അനുരാഗമുണ്ടെന്നു ഞാൻ നല്ലവണ്ണം അറിഞ്ഞിട്ടുണ്ട്. എങ്കിലും ഭവതി എന്നെങ്കിലും ഒരിക്കൽ മറെറാരാളുടെ ഭാൎയ്യയായിപ്പരിണമിക്കും. അതുകൊണ്ടു ഭവതി എന്നെ ഓൎമ്മയിൽ നിന്നു വിട്ടുകളയണം. ഭവതിയും ഞാനും തമ്മിൽ കാണുന്നത് ഇതവസാനത്തേതാണ്. ഇനി ഒരിക്കലും നമ്മൾ തമ്മിൽ കാണുകയില്ല.”

ഇങ്ങിനെ പറഞ്ഞ് പുരന്ദരൻ അവിടെനിന്നു പോയി. ഹിരണ്മയി കരയുവാനും തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ കരച്ചിൽ മാററി മനസ്സിൽ ആലോചിച്ചു. “ഞാൻ ഇന്നു മരിച്ചുപോകുന്നപക്ഷം പുരന്ദരൻ സിം

ഹളദ്വീപിലേക്ക പോകുമോ? ഈ വള്ളികഠം വലിച്ച് കഴുത്തിൽ കെട്ടി എനിക്കെന്തുകൊണ്ടു മരിച്ചുകൂടാ? അല്ലെങ്കിൽ കടലിൽ ചാടി എനിക്കെന്തുകൊണ്ടു ജീവനെ കളഞ്ഞുകൂടാ?'' ഇപ്രകാരം വിചാരിച്ചതിന്നുശേഷം ഹിരണ്മയി ഇങ്ങിനേയും ചിന്തിച്ചു. "ഞാൻ മരിച്ചതിന്നു ശേഷം പുരന്ദരൻ സിംഹളത്തിലേക്ക പോയാലും ഇല്ലെങ്കിലും അതുകൊണ്ടെനിക്കെന്താണ്? ആകയാൽ എൻെറ അവസ്ഥ എങ്ങിനെയാണ് വന്നത്?''

ഇങ്ങിനെ വിചാരിച്ച്, ഹിരണ്മയി വീണ്ടും കരഞ്ഞുംകൊണ്ടുതന്നെ യാത്ര ചെയ്തു.

## ൮-ാം അദ്ധ്യായം

### ഒരു കീറിയ എഴുത്ത്

ധനദാസൻ തൻെറ മകളെ പുരന്ദരന്നു വിവാഹംചെയ്തുകൊടുക്കുകയില്ലെന്നു പറഞ്ഞത് എന്തു കാരണത്താലാണെന്നു ആൎക്കും മനസ്സിലായിരുന്നില്ല. അതിൻെറ കാരണത്തെ അദ്ദേഹം ആരോടും പറഞ്ഞിരുന്നില്ല. ആരെങ്കിലും അതിനെപ്പററി ചോദിച്ചാൽ 'അതിന്നൊരു പ്രത്യേകകാരണമുണ്ട്' എന്നായിരുന്നു ധനദാസൻ മറുവടി പറഞ്ഞിരുന്നത്. കന്യകയെ അനേകം പേർ വന്നു ചോദിക്കുകയുണ്ടായി. എന്നാൽ അവളെ

ആക്കം കൊടുക്കുവാൻ അദ്ദേഹം ഒരുങ്ങിയില്ല. വിവാഹത്തെസ്സംബന്ധിച്ച പ്രസ്താവം തന്നെ അദ്ദേഹം ചെവിയിൽ കടത്തുക പതിവില്ല. 'മകൾക്കു വിവാഹകാലമായല്ലൊ' എന്നു അമ്മ പലപ്പോഴും പറയാറുണ്ടെങ്കിലും അതിനൊന്നും ചെവികൊടുക്കാതെ ഇരിക്കുകയാണ് ധനദാസൻ ചെയ്തത്. "നമ്മുടെ ഗുരു വരട്ടെ; അദ്ദേഹം വന്നതിൽ പിന്നെയാവാം ഈ ആലോചന" എന്നാണ് ധനദാസൻ ഭാൎയ്യയോടു പറഞ്ഞിരുന്നത്.

പുരന്ദരനാകട്ടെ പറഞ്ഞപ്രകാരം തന്നെ സിംഹളദ്വീപത്തിലേക്കു പോയി. രണ്ടുകൊല്ലമായിട്ടും അവിടെനിന്നു മടങ്ങിവന്നില്ല. ഹിരണ്മയിയുടെ വിവാഹവും കഴിഞ്ഞില്ല. അവൾ പതിനെട്ടു വയസ്സുള്ളവളായി പൂൎണ്ണയൌവനയായ ഒരു പെൺകിടാവായിട്ട് ഉദ്യാനമദ്ധ്യത്തിൽ നവപല്ലവിതയായ ഒരു വൃക്ഷശാഖയെപ്പോലെ, ധനദാസന്റെ ഗൃഹത്തിൽ ശോഭിച്ചുകൊണ്ടിരുന്നു.

ഇങ്ങിനെ വിവാഹത്തിന്നുണ്ടായ താമസം നിമിത്തം ഹിരണ്മയിക്ക് ഒട്ടും വ്യസനമുണ്ടായില്ല. വിവാഹത്തിന്റെ പ്രസ്താവം വരുമ്പോൾ അവൾക്കു പുരന്ദരന്റെ ഓൎമ്മയുണ്ടാവുക പതിവാണ്. അപ്പോൾ പുരന്ദരന്റെ വിരിഞ്ഞ പൂമാല ചൂടി മനോഹരമായ കറുത്തു ചുരുണ്ട കേശപാശംകൊണ്ടു കാന്തിയേന്തിയതും മന്ദസ്മിതാർദ്രമായ സുന്ദരമുഖം കണ്ണാലെ കാണുന്നതുപോലെ അവളുടെ മുമ്പിൽ പ്രത്യക്ഷീഭവിക്കും. അദ്ദേഹത്തിന്റെ കമലകോമളമായ കയ്യിന്റെ വല്ലാംഗു

ലീയങ്ങളാൽ അലംകൃതങ്ങളായ വിരലുകൾ ഓൎമ്മയിൽ വരുമ്പോൾ ഹിരണ്മയി കരയുവാൻ തുടങ്ങും. "അച്ഛൻ എന്നെ ആൎക്ക് വിവാഹം ചെയ്തുകൊടുത്താലും പുരന്ദരനെ ഞാൻ ഭൎത്താവായി സ്വീകരിക്കും. അച്ഛന്റെ ആജ്ഞ ലംഘിപ്പാൻ അസാദ്ധ്യം തന്നെ. എന്നാൽ അദ്ദേഹമല്ലാതെ മറെറാരു പുരുഷനുമായി ബന്ധപ്പെട്ടന്നപക്ഷം ഞാൻ കേവലം ഒരു ജീവച്ഛവമായിട്ടുതന്നെ നാളുകൾ കഴിക്കേണ്ടതായി വരും" എന്നിങ്ങിനെ മനസ്സിൽ ഉറക്കുകയും ചെയ്യും. ഇങ്ങിനെയായിരുന്നു വിവാഹത്തിന്റെ പ്രസ്താവം വരുമ്പോൾ ഹിരണ്മയിയുടെ സ്ഥിതി.

ഇങ്ങിനെയായിട്ടുകൂടി പിതാവ് തന്റെ വിവാഹകാൎയ്യത്തിൽ യാതൊരു ശ്രമവും ചെയ്യാതിരിക്കുന്നതു കണ്ട് ഹിരണ്മയി പലപ്പോഴും വളരെ ആശ്ചൎയ്യപ്പെടുകയുണ്ടായിട്ടുണ്ട്. പെൺകിടാങ്ങളെ ഇത്ര പ്രായമാകുന്നതുവരെ വിവാഹം കഴിച്ചുകൊടുക്കാതെ സ്വഗൃഹത്തിൽ ആരും വെച്ചുകൊണ്ടിരിക്കാറില്ല. അഥവാ സ്വഗൃഹത്തിൽ പാൎപ്പിക്കുന്നതായാൽക്കൂടിയും വിവാഹം കഴിഞ്ഞേ പാൎപ്പിക്കാറുള്ളു. വിവാഹത്തെസ്സംബന്ധിച്ച് ആരെന്തുപറഞ്ഞാലും ധനദാസൻ അതിന്നു ചെവിയിൽ പ്രവേശനമേ നൽകാറില്ല. ഇതിന്നു കാരണം എന്താണ്? ഇങ്ങിനെ ഇരിക്കുന്ന കാലത്തൊരുദിവസം കേവലം യാദൃച്ഛികമായി അവൾക്കു വിവാഹത്തെപ്പററി ചെറുതായൊരു സൂചന സിദ്ധിക്കുകയുണ്ടായി.

ധനദാസൻ പല വ്യാപാരങ്ങളെ ചെയ്തുംകൊണ്ടു വന്നതിന്നിടയിൽ അദ്ദേഹത്തിന്നു വിചിത്രമായ ഒരു ചീനപ്പെട്ടി കിട്ടുകയുണ്ടായി. അതു വളരെ വലുതായ ഒരു പെട്ടിയായിരുന്നു. അതിലാണ് ധനദാസന്റെ പത്നി തന്റെ സ്വത്തുക്കളെ സൂക്ഷിച്ചിരുന്നതു. ധനദാസൻ ചില പുതിയ ആഭരണങ്ങൾ പണിയിച്ച് ഭാൎയ്യക്കു സമ്മാനമായി നൽകിയിരുന്നു. അവരാകട്ടേ പഴയ പണ്ടങ്ങളോടുകൂടി ആ പെട്ടി തന്റെ മകൾക്കു സമ്മാനിക്കുകയാണുണ്ടായത്. ഹിരണ്മയി ആ പെട്ടി തുറന്ന് ആഭരണങ്ങളെ എടുക്കുന്ന സമയത്ത് അതിൽ ഒരു എഴുതിയ കടലാസ്സുതുണ്ട് കിടക്കുന്നതായി കണ്ടു. അതിലെ എഴുത്ത് അപൂൎണ്ണമായിരുന്നു.

ഹിരണ്മയിക്കു നല്ലവണ്ണം വായിപ്പാൻ വശമുണ്ടായിരുന്നു. ആ തുണ്ടുകടലാസ്സിൽ ആദ്യം തന്റെ പേർ എഴുതിയിരുന്നതുകൊണ്ട് അത് എന്താണെന്നറിയുവാൻ കൌതുകം തോന്നി അവൾ അതു വായിച്ചുനോക്കി. കടലാസ്സിൽ എഴുത്തു പകുതിമാത്രമായിരുന്നതിനാൽ അവൾക്കതിന്റെ അൎത്ഥം മനസ്സിലായില്ല. അതു ആരെഴുതിയതാണ്, ആൎക്കെഴുതിയതാണ്, എന്തിനായി എഴുതിയതാണ് എന്നൊന്നും വ്യക്തമായില്ല. എന്നാൽ അതിലെ വായിക്കാവുന്നേടത്തോളം അക്ഷരങ്ങൾ വായിച്ചുകഴിഞ്ഞപ്പോഴേക്കും അവൾക്കു വളരെ ഭയമുണ്ടായി. ആ കീറിപ്പോയ കടലാസ്സു തുണ്ടിൽ എഴുതപ്പെട്ടിരുന്നത് ഇതാണ്:—

"ജാതകം ഗണിച്ചു നോക്കിയതിൽ....... ................
ഹിരണ്മയി അത്ര സ്വർണ്ണവിഗ്രഹം........ ......... ...
വാഹം ചെയ്താൽ ഭയങ്കരമായ ആപത്ത്............
ത്സരം........മുഖത്തെ പരസ്പര........ണ്ടാകും........"

ഇതു വായിച്ച് ഹിരണ്മയി ഇന്നതെന്നു വ്യക്തമാകാത്ത ആപത്തിൽനിന്നുള്ള ഭയത്തെ വിചാരിച്ച് വല്ലാതെ വ്യസനിച്ചു. അവൾ ഈ വർത്തമാനം ആരോടും പറയാതെ ആ കടലാസ്സുതുണ്ട് ഭദ്രമായി എടുത്തു സൂക്ഷിച്ചു.

## ൯-ാം അദ്ധ്യായം.

### തമ്മിൽ കാണാത്ത വിവാഹം.

കൊല്ലം രണ്ടു കഴിഞ്ഞു. മൂന്നാമത്തെ കൊല്ലമായി. എന്നിട്ടും പുരന്ദരൻ സിംഹളദ്വീപിൽനിന്നു മടങ്ങിവരുന്ന വർത്തമാനം തീരെ കിട്ടിയില്ല. കാമകോമളനായ പുരന്ദരൻെറ സ്വരൂപം ഹിരണ്മയിയുടെ ഹൃദയത്തിൽ മുമ്പത്തെപ്പോലെ തന്നെ ഭംഗിയായി പതിഞ്ഞിരുന്നു. "പുരന്ദരൻ എന്നെ മറന്നിട്ടുണ്ടായിരിക്കയില്ല. അങ്ങിനെ മറന്നിരുന്നാൽ അദ്ദേഹം മടങ്ങിവരുമല്ലോ" എന്നിങ്ങിനെ ഹിരണ്മയി തന്നെത്താൻ പറഞ്ഞുകൊണ്ടിരുന്നു.

ഈ നിലയിൽ രണ്ടു സംവത്സരം കഴിഞ്ഞു. ഒരു ദിവസം ധനദാസൻ തിടുക്കപ്പെട്ടുംകൊണ്ടു് പറഞ്ഞു:— "എല്ലാവരും ഉടനെ പരിവാരങ്ങളോടുകൂടി കാശിയിലേക്കു പുറപ്പെടണം. ഗുരുവിൻെറ സന്നിധിയിൽനിന്നു ശിഷ്യൻ വന്നിരിക്കുന്നു. ഗുരു നമ്മളെല്ലാം അങ്ങോട്ടുതന്നെ ചെല്ലേണമെന്നു കല്പിച്ചിരിക്കുന്നു. ഹിരണ്മയിയുടെ വിവാഹം അവിടെ വെച്ചുതന്നെ നടത്തേണ്ടിയിരിക്കുന്നു. അവിടെ മൂന്നു വരന്മാരെ നോക്കിവെച്ചിട്ടുണ്ടു്."

ധനദാസൻ തൻെറ ഭാൎയ്യയേയും മകളേയും കൂട്ടിക്കൊണ്ടു കാശിയിലേക്കു പോയി. നിശ്ചിതസമയത്തു കൃത്യമായി കാശിയിൽ എത്തുകയും ചെയ്തു. അനന്തരം ധനദാസൻെറ ഗുരുവായ ആനന്ദസ്വാമികൾ വന്നു് അദ്ദേഹത്തെ കാണുകയും ഹിരണ്മയിയുടെ വിവാഹത്തിന്നുള്ള മുഹൂൎത്തം നിശ്ചയിക്കുകയും വിവാഹം നടത്തേണ്ടതിന്നു ശാസ്ത്രവിധിപ്രകാരം ആവശ്യമുള്ള സാധനങ്ങളൊക്കെ ഒരുക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

വിവാഹസംഭാരങ്ങളെല്ലാം ശാസ്ത്രോക്തപ്രകാരം തെയ്യാറാക്കപ്പെട്ടു. പക്ഷേ ഒന്നിനും ഒരു ശബ്ദവുമില്ല. ഒരു വിവാഹമായാൽ സാധാരണയായി ഉണ്ടാകാറുള്ള ഒച്ചപ്പാടൊന്നും കേൾപ്പാനില്ല. ധനദാസൻെറ കൂടെയുള്ള ആളുകൾക്കു മാത്രമല്ലാതെ മററുള്ളവൎക്കാൎക്കും ഈ വിവാഹത്തിൻെറ വൎത്തമാനം തന്നെ അറിവില്ല. വിവാഹത്തിന്നു ശാസ്ത്രീയമായി എന്തെല്ലാം വേണമോ അവ മാത്രമേ തെയ്യാറാക്കീട്ടുമുള്ളു.

പാണിഗ്രഹണദിവസം വൈകുന്നേരമായി. രാത്രി പതിനൊന്നുമണിക്കുമേൽ മിഥുനം രാശിക്കാണു മുഹൂൎത്തം നിശ്ചയിച്ചിരുന്നതു്. വിവാഹത്തിന്നു് ധനദാസൻെറ ഗൃഹത്തിലുള്ളവരല്ലാതെ വേറെ ആരും വന്നിട്ടില്ല. പ്രസ്തുതസമയം വരെ ധനദാസനൊഴികെ ആൎക്കും ആരാണു് വരൻ എന്ന വിവരം അറിവില്ല. വരൻ ഏതു ദിക്കുകാരനാണെന്നും ആരും അറിഞ്ഞിട്ടില്ല. എന്നാൽ വരനെ നിശ്ചയിച്ചിരുന്നതു് ആനന്ദസ്വാമികളാകയാൽ, വരൻ ആരായിരുന്നാലും അദ്ദേഹം അയോഗ്യനായ ഒരാളായിരിക്കയില്ലെന്നു് എല്ലാവൎക്കും നല്ല വിശ്വാസമുണ്ടായിരുന്നു. സ്വാമികൾ വരൻെറ വിവരങ്ങൾ വ്യക്തമായി പറയാതിരിപ്പാൻ കാരണമെന്താണെന്നു് അദ്ദേഹത്തിന്നു മാത്രമേ അറിഞ്ഞുകൂടു.

വിവാഹകൎമ്മം ഒരു ചെറിയ അറയിൽ വെച്ചാണു് നടത്തുവാൻ നിശ്ചയിച്ചിരുന്നതു്. അവിടെ ആവശ്യമായ ഉപകരണങ്ങളോടുകൂടി ഏകാകിയായി പുരോഹിതൻ കന്യകാദാനത്തിന്നായി ഇരുന്നിരുന്നു ധനദാസൻ ഒരാൾ മാത്രം വാതിലിൻെറ പുറത്തു് വരൻെറ വരവും കാത്തു നിന്നിരുന്നു. അകത്തു് അന്തഃപുരത്തിൽ കന്യക സൎവ്വാലങ്കാരഭൂഷിതയായി ഇരുന്നിരുന്നു. മറ്റൊരാളും അവിടെ ഉണ്ടായിരുന്നില്ല. ഹിരണ്മയി തൻെറ മനസ്സിൽ "ഇതെന്തു രഹസ്യമാണു്! ഏതായാലും പുരന്ദരന്നു വിവാഹം ചെയ്തുകൊടുപ്പാൻ ഭാവമില്ല. പിന്നെ ആരായാലും വേണ്ടതില്ല, വിവാഹം ചെയ്തുകൊ

ള്ളട്ടേ. ആരായിരുന്നാലും അയാൾ എന്റെ നാഥനാ യിരിക്കയില്ലെന്നു നിശ്ചയമാണ്" എന്നിങ്ങിനെ വി ചാരിച്ചു. ഇങ്ങിനെ ഹിരണ്മയി വിചാരിച്ചുംകൊണ്ടി രിക്കുന്ന സമയത്തു ധനദാസൻ കന്യകയെ വിളിക്കുവാ നായി അവളിരുന്നിരുന്ന സ്ഥലത്തേയ്ക്കു വന്നു. അദ്ദേഹം അവളെ കന്യകാദാനം ചെയ്യുന്ന വിവാഹമണ്ഡപത്തി ലേക്കു കൂട്ടിക്കൊണ്ടു പോകുന്നതിന്നു മുമ്പായി പിതാവ് അവളുടെ കണ്ണുകൾ രണ്ടും വസ്ത്രംകൊണ്ട് മൂടിക്കെട്ടു കയുണ്ടായി. "ഇതെന്താണച്ഛാ!" എന്ന് ഹിരണ്മയി ചോദിച്ചു. അതിന്ന് ധനദാസൻ "ഇങ്ങിനെ ചെയ്യേ ണമെന്നു ഗുരു കല്പിച്ചിരിക്കുന്നു" എന്നു പറഞ്ഞതുകൂടാ തെ "നീ എന്റെ കല്പനപോലെ നടക്കണം. മന്ത്രങ്ങ ളെല്ലാം മനസ്സുകൊണ്ട് ജപിക്കണം" എന്നും പറഞ്ഞു. അതിന്നു ഹിരണ്മയി യാതൊരു മറുവടിയും പറഞ്ഞി ല്ല. ധനദാസൻ അവളെ കൈക്കു പിടിച്ചുകൊണ്ട് വിവാഹമണ്ഡപത്തിലേക്കു കൊണ്ടുപോയി.

ഹിരണ്മയി കന്യകാദാനത്തിന്നുള്ള മന്ദിരത്തിൽ എത്തിച്ചേൎന്നു. അവൾ കണ്ണുമിഴിച്ചു നോക്കിയില്ലെങ്കിലും തന്റെ വരന്റെ കണ്ണുകളും തന്റേതുപോലെ മൂടിക്കെ ട്ടിയിട്ടുണ്ടെന്ന് അവൾക്കു മനസ്സിലായി. ഇങ്ങിനെ വ ധൂവരന്മാരുടെ കണ്ണുകൾ മൂടിക്കെട്ടി വിവാഹം നടത്ത പ്പെട്ടു. വിവാഹാവസരത്തിൽ ഗുരു, പുരോഹിതൻ, ധ നദാസൻ എന്നിവരല്ലാതെ മററാരും ഉണ്ടായിരുന്നില്ല. വധൂവരന്മാർ അന്യോന്യം കാണുകയുണ്ടായിട്ടില്ലെന്നു

ല്ല, അവൾ ആരേയും കാണ്മാൻ കഴിഞ്ഞിട്ടില്ല. ശാസ്ത്രവിധിപ്രകാരമുള്ള ദമ്പതിമാരുടെ "മുഖദർശനം" ഈ വിവാഹത്തിൽ ഉണ്ടായില്ല.

കന്യകാദാനം കഴിഞ്ഞതിന്നുശേഷം ആനന്ദസ്വാമികൾ വധൂവരന്മാരോട് ഇങ്ങിനെ പറഞ്ഞു:— "നിങ്ങൾ രണ്ടു പേർക്കും തമ്മിൽ വിവാഹം കഴിഞ്ഞിരിക്കുന്നു. നിങ്ങൾ അന്യോന്യം ദർശിക്കുവാൻ പാടില്ല. കന്യകയുടെ കന്യാത്വത്തെ നിവാരണം ചെയ്യുക മാത്രമാണ് ഈ വിവാഹത്തിന്റെ ഉദ്ദേശം. ഈ ജന്മത്തിൽ നിങ്ങൾ രണ്ടുപേർക്കും പരസ്പരം കാണ്മാനിടവരുമോ ഇല്ലയോ എന്ന് ഇപ്പോൾ പറവാൻ സാധിക്കയില്ല. ഒരു പക്ഷേ കാണുന്നതായാൽക്കൂടിയും പരസ്പരം ആളെ അറിവാൻ സാധിക്കയില്ല. ആളെ അറിയുന്നതിന്നുള്ള ഒരുപായം ഞാൻ പറയാം. എന്റെ കയ്യിൽ ഇപ്പോൾ രണ്ടു മോതിരങ്ങൾ ഉണ്ട്. രണ്ടിന്റേയും പണി ഒരേവിധത്തിലാണ്. ഈ മോതിരങ്ങളിൽ പതിച്ചിട്ടുള്ള രത്നങ്ങൾ സാധാരണയായി എവിടേയും കിട്ടുന്നവയല്ല. രണ്ടു മോതിരങ്ങളിൽ പതിച്ചിട്ടുള്ള രത്നങ്ങളുടേയും പിൻഭാഗത്ത് ഒരേ വിധത്തിലുള്ള ഓരോ മയിലുകളുടെ രൂപം കൊത്തിയിട്ടുണ്ട്. ഈ മോതിരങ്ങളിൽ ഒന്നു വധുവിന്നും മറേറതു വരന്നും ഞാൻ തരുന്നു. ഇങ്ങിനെയുള്ള മോതിരം മറെറാരാൾക്കും കിട്ടുകയില്ല; മറെറാരിടത്തും ഇല്ലതാനും. ഇതിൽ കൊത്തിയതുപോലെയുള്ള മയൂരപം കൊത്തുവാൻ ഇതു പണിചെയ്യുവനെക്കൊണ്ടു

ല്ലാതെ മറ്റൊരാളെക്കൊണ്ടും സാധിക്കയുമില്ല. ഈ മോതിരങ്ങൾ ഞാൻതന്നെ സ്വയമായി നിർമ്മിച്ചവയാകുന്നു. ഇത് ഏതൊരു പുരുഷന്റെ കയ്യിൽ കന്യക കാണുന്നുവോ അവനാണ് അവളുടെ ഭർത്താവ്. വരൻ ഏതൊരു സ്ത്രീയുടെ കയ്യിൽ ഈ മോതിരം കാണുന്നുവോ അവൾ അയാളുടെ ഭാര്യയും ആണ്. നിങ്ങൾ രണ്ടുപേരും ഈ മോതിരത്തെ കൈമോശം ചെയ്തുപോകരുത്. ആൎക്കും ഇതു കൊടുക്കുകയും അരുതു. ഭക്ഷണത്തിന്നു നിവൃത്തിയില്ലാതെ വന്നാൽകൂടി ഇതു വില്ക്കുകയും അരുത്. എന്നുതന്നെയല്ല, ഇന്നുമുതൽ അഞ്ചുവൎഷം കഴിയുന്നതുവരെ നിങ്ങൾ ഈ മോതിരം കയ്യിൽ ധരിക്കുകയും അരുത്. ഇന്ന് മാഘമാസം വെളുത്തപക്ഷത്തിൽ പഞ്ചമിയാണ്. ഇപ്പോൾ നേരം രാത്രി പതിനൊന്നുമണിയായി. ഇനി വരുന്ന അഞ്ചാം സംവത്സരത്തിൽ ഇതേ മാസം ഇതേ തിഥിയിൽ ഇതേ നേരം ആകുന്നതുവരേയും ഈ മോതിരം ധരിക്കരുതു. അങ്ങിനെ ചെയ്യുന്നതിനെ ഞാൻ നിഷേധിച്ചിരിക്കുന്നു. എന്റെ ആജ്ഞയെ തെറ്റി നടക്കുന്നതായാൽ നിങ്ങൾക്ക് വലുതായ അമംഗളം നേരിടും.”

ഇങ്ങിനെ പറഞ്ഞ് ആനന്ദസ്വാമികൾ പുറപ്പെട്ട് അവിടെനിന്നു പോയി. അതിന്നുശേഷം ധനദാസൻ തന്റെ മകളുടെ കണ്ണുകൾ മൂടിക്കെട്ടിയിരുന്ന വസ്ത്രത്തെ അഴിച്ചു. ഹിരണ്മയി കണ്ണു തുറന്നു നോക്കുമ്പോൾ പുരോഹിതനേയും തന്റെ പിതാവിനേയും മാ

ത്രമേ കാണ്മാനുണ്ടായിരുന്നുള്ളൂ. തന്നെ പാണിഗ്രഹണം ചെയ്ത പുരുഷനെ കാണ്മാനില്ലായിരുന്നു. വിവാഹം നടന്ന അന്നേ ദിവസം രാത്രിയിൽ അവൾ ഏകാകിനിയായിത്തന്നെ താമസിച്ചു.

## ൪ാം അദ്ധ്യായം.

### കൊട്ടാരത്തിൽനിന്നു കുടിലിലേയ്ക്കു്.

വിവാഹം കഴിഞ്ഞതിന്നു ശേഷം ധനദാസൻ ഭാൎയ്യയേയും മകളേയും കൂട്ടിക്കൊണ്ടു സ്വദേശത്തു വന്നു ചേൎന്നു. പിന്നെ നാലു സംവത്സരം കഴിഞ്ഞു. എന്നിട്ടും പുരന്ദരൻ മടങ്ങി വന്നില്ല. അദ്ദേഹം ഇനി മടങ്ങി വന്നാലെന്താണ്? വന്നില്ലെങ്കിലെന്താണ്? ഹിരണ്മയിക്കു രണ്ടും ഒരുപോലെയാണ്.

കാലം പിന്നേയും പോയി. പോയിട്ടു ഏഴു സംവത്സരമായി. ഇനിയും പുരന്ദരൻ വന്നില്ലല്ലോ, എന്നു വിചാരിച്ച് ഹിരണ്മയി കുറെ വ്യസനിച്ചു. അവൾ ഇങ്ങിനെ വിചാരിച്ചു "എന്നെ ഇപ്പോഴും ഓൎമ്മയിൽ വെച്ചുകൊണ്ടിരിക്കുന്നതിനാലാണ് പുരന്ദരൻ വരാത്തതെന്നു പറഞ്ഞാൽ ചേൎച്ച പോരാതെയാണിരിക്കുന്നത്. അദ്ദേഹം ജീവനോടുകൂടി ഇരിക്കുന്നുണ്ടോ ഇല്ലയോ എന്ന കാൎയ്യം തന്നെ സംശയമായിട്ടാണിരിക്കുന്ന

ത്. എനിക്കദ്ദേഹത്തെ കാണേണമെന്നു മോഹമില്ല. ഇപ്പോൾ ഞാൻ മറെറാരാളുടെ ഭാൎയ്യയായിട്ടാണല്ലോ ഇരിക്കുന്നത്. എങ്കിലും എന്റെ ആ ബാല്യസ്നേഹിതൻ ജീവിച്ചിരിക്കട്ടെ എന്നു എനിക്കെന്തുകൊണ്ടു വിചാരിച്ചുകൂടാ?" ഇങ്ങിനെ വിചാരിച്ചുംകൊണ്ടാണ് ഹിരണ്മയി നാളുകൾ കഴിച്ചത്.

ധനദാസനും എന്തോ ചില കാരണങ്ങളാൽ ചിന്താക്രാന്തനായിട്ടാണിരുന്നത്. ദിവസങ്ങൾ കഴിയുംതോറും അദ്ദേഹത്തിന്റെ വിചാരം വൎദ്ധിച്ചുവരികയാൽ അവസാനം ധനദാസൻ വലുതായ രോഗത്തിൽ പതിച്ചു. അധികം താമസിക്കാതെ അദ്ദേഹത്തിന്നു ചരമഗതിയും വന്നുചേൎന്നു. പതിവ്രതോത്തമയായ അദ്ദേഹത്തിന്റെ പത്നിയും ഭൎത്താവിന്റെ ചിതയിൽ ചാടി അനുമരണംചെയ്തു. ഇതോടുകൂടി ഹിരണ്മയി തീരെ അശരണയായി പരിണമിച്ചു. സതീവ്രതം സ്വീകരിച്ച് മരണത്തെ വരിച്ച അമ്മയുടെ കാൽ പിടിച്ചുംകൊണ്ടു ഹിരണ്മയി പല പ്രകാരത്തിലും "മരിക്കരുതെ"ന്നു പ്രാൎത്ഥിച്ചുനോക്കുകയുണ്ടായി. പക്ഷെ ആ പ്രാൎത്ഥനയെ ധനദാസന്റെ ധൎമ്മപത്നി കയ്ക്കൊണ്ടില്ല: എന്തിനധികം പറയുന്നു? ഹിരണ്മയി മാത്രം ഏകാകിനിയായി ശേഷിച്ചു.

ഹിരണ്മയിയുടെ അമ്മ ഉടന്തടി കയറുമ്പോൾ തന്റെ മകളോടു ഇങ്ങിനെ പറഞ്ഞിരുന്നു:— "വത്സേ! നിനക്കു ഒരു ഭൎത്താവുണ്ടെന്നുള്ളതു നിശ്ചയമാണ്. ഗുരു

പറഞ്ഞ കാലത്തിന്നു ശേഷം നീ അദ്ദേഹത്തെ കണ്ടെത്താനും മതി. അഥവാ അദ്ദേഹത്തെ കാണ്മാനിടയായില്ലെന്നു വന്നാലും, നീ ഇനി കന്യകയല്ല. മനുഷ്യൎക്കു പ്രധാനസഹായമാണെന്നു പറയപ്പെടുന്ന ധനമാണെങ്കിൽ നിനക്കു ധാരാളത്തിലധികമുണ്ട്. അതുകൊണ്ടു നീ ഒട്ടും വിചാരപ്പെടേണ്ടതില്ല".

എന്നാൽ ഹിരണ്മയിയുടെ മാതാവ് പറഞ്ഞതായ ഈ വാക്ക് വിഫലമായിട്ടാണനുഭവംകൊണ്ടു വന്നത്. ധനദാസന്റെ മരണശേഷം നോക്കിയപ്പോൾ അദ്ദേഹത്തിന്റെ വകയായി യാതൊരു സ്വത്തും ബാക്കിയില്ലെന്നാണ് കണ്ടത്. വലുതായ ഒരു വീടും, നിത്യോപയോഗത്തിന്നുള്ള ചില ഉപകരണങ്ങളും, അല്പം ചില ആഭരണങ്ങളും മാത്രമല്ലാതെ യാതൊന്നും ബാക്കിയുണ്ടായിരുന്നില്ല. ഇതിനെപ്പററി ഹിരണ്മയി അന്വേഷണംചെയ്തതിൽ, കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലായി ധനദാസന്നു കച്ചവടത്തിൽ നഷ്ടമാണ് വന്നിരുന്നതെന്നും, ആ സംഗതി ധനദാസൻ ആരോടും പറയാതെ വ്യാപാരനഷ്ടസംബന്ധമായുണ്ടായ കടങ്ങൾവീട്ടുവാൻ ശ്രമം ചെയ്തുവരികയായിരുന്നുവെന്നും, ഒടുവിൽ കടം വീട്ടിത്തീൎക്കുന്നത് അസാദ്ധ്യമാണെന്നു തോന്നിയെന്നും, തന്നിമിത്തം മനസ്സിന്നു വലിയ വിചാരം സംഭവിക്കുകയും ആ വിചാരം അദ്ദേഹത്തിന്റെ മരണത്തിന്നു കാരണമായി വരികയും ചെയ്തുവെന്നും അവൾക്കു മനസ്സിലായി.

ധനദാസൻെറ ധനസ്ഥിതി ഇങ്ങിനെയാണെന്നു മററുള്ള ചെട്ടികൾക്കു മനസ്സിലായപ്പോൾ, അവർ ഹിരണ്മയിയുടെ അരികിൽ വന്നു "നിങ്ങളുടെ അച്ഛൻ ഞങ്ങൾക്കു കടക്കാരനായിട്ടാണു മരിച്ചത്. ഞങ്ങൾക്കു തരുവാനുള്ള കടം നിങ്ങൾ തന്നു തീക്കണം" എന്നിങ്ങിനെ ആവശ്യപ്പെട്ടു. ഈ കടക്കാർ ധനദാസൻെറ യഥാത്ഥ കടക്കാരാണെന്നു ഹിരണ്മയിയുടെ അന്വേഷണത്തിലും അറിഞ്ഞു. അപ്പോൾ അവൾ തൻെറ സ്വത്തുക്കളെല്ലാം വിററ് പിതാവു വാങ്ങീട്ടുള്ള എല്ലാം കടങ്ങളും വീട്ടിത്തീൎത്തു. ഹിരണ്മയി ഇരുന്നിരുന്ന വീടുകൂടി കടക്കാരുടെ കൈവശത്തിലായി. സകല കടങ്ങളും തീൎന്നപ്പോൾ ഹിരണ്മയി അന്നവസ്ത്രങ്ങൾക്കുകൂടി വഴിയില്ലാത്ത സ്ഥിതിയിലായി. പിന്നെ അവൾ പട്ടണത്തിൽനിന്നു പുറത്തു ഒരു വീഥിയിൽ തനിയെ താമസം തുടങ്ങി. അവൾക്കു ആരും സഹായമില്ലാത്ത നിലയിലായി. ആനന്ദസ്വാമികളാണ് അവൾക്കു സഹായം ചെയ്യുവാനുള്ള ആൾ. അദ്ദേഹം ദൂരദേശത്തിലായിരുന്നു താമസിച്ചിരുന്നത്. അദ്ദേഹം ഇരിക്കുന്ന ദിക്കിലേക്കു ഹിരണ്മയിയെ കൂട്ടിക്കൊണ്ടുപോകാൻ ആരുമുണ്ടായിരുന്നതുമില്ല.

## ൭-ാം അദ്ധ്യായം

### ഹിരണ്മയിയുടെ കഷ്ടാവസ്ഥ.

ഹിരണ്മയി ഇപ്പോൾ പൂൎണ്ണയൌവനയായ ഒരു സ്ത്രീയാണ്. ഒരു ഗൃഹത്തിൽ യാതൊരു കാരണവും കൂടാതെ ഏകാകിനിയായി താമസിക്കുന്നത് അവളുടെ തൽക്കാലസ്ഥിതിക്കു ഉചിതമാണെന്നു തോന്നുന്നില്ല. അങ്ങിനെ ചെയ്താൽ വല്ലതും ദോഷം വന്നേയ്ക്കാം. അതു ലോകാപവാദത്തിന്നും കാരണമായേയ്ക്കാം. ഹിരണ്മയി പാൎത്തിരുന്ന ഗൃഹത്തിൻെറ അയൽവീട്ടിൽ അമല എന്നു പേരായ ഒരു സ്ത്രീ താമസിക്കുന്നുണ്ടായിരുന്നു. ഈ അമല ഒരു വിധവയായിരുന്നു. അവൾക്കു ഒരു ചെറിയ മകനും നാലഞ്ചു പെങ്കിടാങ്ങളും ഉണ്ടായിരുന്നു. അവളുടെ യൌവനകാലം കഴിഞ്ഞിരുന്നു. അവൾ നല്ല വൃത്തിഗുണമുള്ളവളെന്നു പേരുനേടിയവളായിരുന്നു. അതുകൊണ്ടു ഹിരണ്മയി രാത്രിയിൽ അമലയുടെ വീട്ടിലേക്കു പോയി അവളൊരുമിച്ചാണ് കിടന്നിരുന്നത്.

ഇങ്ങിനെ കഴിയുന്നതിനിടയിൽ ഒരു ദിവസം രാത്രി ഹിരണ്മയി അമലയുടെ ഗൃഹത്തിലേക്കു കിടക്കുവാനായി ചെന്നപ്പോൾ അമല "പുരന്ദരച്ചെട്ടി നാടുവിട്ടു പോയിട്ടു എട്ടുകൊല്ലമായി. ഇപ്പോൾ മടങ്ങി വന്നിരിക്കുന്നതായി ഗ്രാമക്കാർ പറയുന്നു" എന്നു ഹിരണ്മയിയോടു പറഞ്ഞു. ഈ വാക്കു കേട്ടപ്പോൾ ഹിരണ്മയിക്കു

ധാരധാരയായി കണ്ണുനീരൊലിച്ചുവെങ്കിലും അതു അമല കാണുകയുണ്ടായില്ല.

ഈ ഹതലോകത്തിൽ, ഹിരണ്മയിക്കുണ്ടായിരുന്ന ഒടുവിലത്തെ ബന്ധവും ഇതാ അററുപോയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, പുരന്ദരൻ അവളെ മറന്നുകളഞ്ഞിരിക്കുന്നു. പുരന്ദരൻ അവളെ മറക്കാതെ ഓൎമ്മയിൽ വെച്ചുകൊണ്ടിരുന്നുവെങ്കിൽ അയാഠം വീണ്ടും സ്വദേശത്തേക്കു മടങ്ങിവരുവാൻ ഇടയില്ലായിരുന്നു. പക്ഷേ ഒന്നുണ്ട്: പുരന്ദരൻ ഹിരണ്മയിയെ മറന്നിരുന്നുവെങ്കിൽ എത്ര നഷ്ടമാണോ ഉള്ളത് അത്ര നഷ്ടംതന്നെയാണ് അയാഠം ഓൎമ്മവെച്ചിരുന്നാലും ഉള്ളത്. അതുകൊണ്ട് അവഠക്ക് എന്തു ഫലമാണ് വരുവാനുള്ളത്? എന്നാൽ, ആരുടെ സ്നേഹബന്ധത്തെ നിത്യവും മനസ്സിൽ നിറുത്തി ഓൎമ്മയിൽ കൊണ്ടുവന്നിട്ടാണോ അവഠം കാലം കഴിച്ചിരുന്നത് അങ്ങിനെയിരിക്കുന്ന അദ്ദേഹം തന്നെ മറന്നുകളഞ്ഞുവല്ലൊ എന്നു വിചാരിച്ച് ഹിരണ്മയി ശോകാകുലയായി ഭവിച്ചു. ഹിരണ്മയി ഒരു ക്ഷണനേരമെങ്കിലും അദ്ദേഹത്തെ മറന്നിട്ടുണ്ടായിരുന്നില്ല. "ഞാൻ കാരണം അദ്ദേഹം ഇതേവരേയും ദൂരദേശത്തിൽ പാൎത്തു കാലം കഴിച്ചു. എന്നു തന്നെയല്ല, അദ്ദേഹത്തിൻെറ പിതാവും പരലോകപ്രാപ്തനായി. ഇനിയും സ്വദേശത്തേക്കു വരാതെ അദ്ദേഹം എങ്ങോട്ടു പോകും?" എന്നിങ്ങിനെ ചിലപ്പോഠം ഹിരണ്മയി വിചാരിക്കും. മററു ചിലപ്പോഠം "ഞാൻ വൃഥി

ചാരദോഷത്തിന്നു പാത്രമായിതീൎന്നു. ഇല്ലാത്ത പക്ഷം എനിക്കെന്താണു് പുരന്ദരന്റെ ഓൎമ്മയുണ്ടാവാൻ?” എന്നു തന്നെത്താൻ നിന്ദിക്കുകയും ചെയ്യും. ഇങ്ങിനെയായി ഹിരണ്മയിയുടെ അവസ്ഥ.

അമല—എന്തു്; നിനക്കു പുരന്ദരൻ എന്നാളെ ഓൎമ്മയില്ലെ? ഇയ്യിടയിൽ ഏതാനും മാസങ്ങൾക്കു മുമ്പു മരിച്ചുപോയ ശശിസൂതച്ചെട്ടിയുടെ മകനല്ലെ അയാൾ?

ഹിരണ്മയി—അതേ, അതേ, എനിക്കറിവുണ്ടു്.

അമല—ആ പുരന്ദരനാണു് ഇപ്പോൾ സ്വദേശത്തു വന്നിരിക്കുന്നതു്. അനേകം കപ്പലുകൾ നിറച്ചു അനവധി ധനം കൊണ്ടുവന്നിട്ടുണ്ടത്രെ! അയാൾ കൊണ്ടുവന്നിട്ടുള്ള സ്വത്തുക്കളെ ഇത്രയെന്നു കണക്കാക്കുവാൻ സാധിക്കയില്ല. ഇത്ര വളരെ ധനം, ഈ താമ്രലിപ്തനഗരത്തിൽ ഒരാളും ഒരിക്കലും ഒന്നിച്ചു കണ്ടിട്ടില്ല.

ഈ വാക്കുകൾ കേട്ടപ്പോൾ ഹിരണ്മയിയുടെ രക്തനാഡികൾ വേഗത്തിൽ മിടിച്ചുതുടങ്ങി. അവൾ തന്റെ ദാരിദ്ര്യാവസ്ഥയെ മനസ്സിൽ വിചാരിച്ചു; എന്നിട്ടു തന്റെ പൂൎവ്വസ്ഥിതിയും വിചാരിച്ചുനോക്കി. ഹാ! ദാരിദ്ര്യത്തിന്റെ ജ്വാല എത്ര ശക്തിയുള്ളതാണു്! ആ ജ്വാലയുടെ സ്ഥിതിക്കു ഈ അളവററതായ ധനം അവൾക്കു ലഭിക്കുമെങ്കിൽ എത്ര വലിയ കാൎയ്യമായിരിക്കും! ഇങ്ങിനെ ആലോചിച്ചുനോക്കിയാൽ ആരുടെ ര

ക്കതനാഡിയാണ് ചലിക്കാതിരിക്കുക! സ്വതഃ അബല കളായ സ്ത്രീകൾക്കാണൊ പിന്നെ നാഡികൾ മിടിക്കാതിരിക്കുക? ഹിരണ്മയി കുറച്ചുനേരം തന്നെത്താൻ മറന്നവളെപ്പോലെ ഇരുന്നു. പിന്നെ മറ്റോരോ വിഷയങ്ങളെപ്പറ്റി പറയുവാൻ തുടങ്ങി. കുറെ നേരം സംസാരിച്ച് കട്ടിൽ കിടക്കുവാൻ പോകുന്ന സമയത്ത്,

ഹിര—അമലേ! ആ ചെട്ടിയുടെ മകന്റെ വിവാഹം കഴിഞ്ഞുവോ?

അമല—ഇല്ല, ഇനിയും അയാളുടെ വിവാഹം കഴിഞ്ഞിട്ടില്ല.

ഹിരണ്മയിയുടെ ദേഹം മരവിച്ചു പോയി. അന്നു രാത്രി പിന്നെ ഒരു സംസാരവും ഉണ്ടായില്ല.

---

## ൩-ാം അദ്ധ്യായം.

### പുരന്ദരന്റെ ഔദാര്യം.

പിന്നെ ഒരു ദിവസം, അമല മുഖത്തു ചെറുതായൊരു പുഞ്ചിരിയോടുകൂടി, ഹിരണ്മയിയുടെ അരികത്തു ചെന്ന് മൃദുവായ സ്വരത്തിൽ, ആക്ഷേപരീതിയിൽ ചോദിച്ചു:—“എന്ത് എന്താണിത് ഹിരണ്മയി, നീ ഇങ്ങിനെയുള്ള സ്വഭാവക്കാരിയാണൊ? ഈ വക കാര്യങ്ങൾ ചെയ്യുന്നത് നിനക്കു ചേർന്നതാണൊ?”.

ഹിര—ഞാനെന്താണ് ചെയ്തത്, പറയൂ.

അമ—ഇത്ര നാളായിട്ടെങ്കിലും ഇത് എന്നോടു പറയണ്ടേ?

ഹിര—എനിക്കു മനസ്സിലായില്ല. ഞാൻ എന്തൊന്നാണ് പറയാതിരുന്നത്?

അമ—പുരന്ദരച്ചെട്ടിയാക്കും നിനക്കും തമ്മിൽ ഇത്രത്തോളം സ്നേഹമാണെന്നൊ?

ഹിര—(ലജ്ജയോടുകൂടി) ഞങ്ങൾ രണ്ടുപേരുടേയും കുട്ടിക്കാലത്ത് അദ്ദേഹം എന്റെ അയൽവീട്ടിലാണ് താമസിച്ചിരുന്നത്. ഈ സംഗതി ഞാൻ നിങ്ങളോടു പറയാത്തതാണൊ?

അമ—അയൽവീട്ടിൽ! കൊള്ളാം. പുരന്ദരൻ നിനക്കു ഒരു വെറും അയൽവീട്ടുകാരൻ മാത്രമായിരുന്നുവൊ? നോക്കു, ഞാൻ എന്താണ് കൊണ്ടുവന്നിട്ടുള്ളതെന്നു നോക്കു!

എന്നു പറഞ്ഞ്, അമല ഒരു പെട്ടി തുറന്ന് അതിൽനിന്നു ഒരു വൈരമാലയെടുത്ത് ഹിരണ്മയിക്കു കാണിച്ചു. അത് വളരെ അപൂൎവ്വമായിട്ടുള്ളതും, ഏററവും പ്രകാശത്തോടുകൂടിയതും, വളരെ വില വരുന്നതുമായിരുന്നു. ധനദാസച്ചെട്ടിയുടെ മകൾക്കു വൈരക്കല്ലുകളുടെ വില നല്ലവണ്ണം അറിയുമായിരുന്നതിനാൽ അവൾ ആ വൈരമാല കണ്ടിട്ട് അമ്പരന്നുപോയി. എന്നിട്ടു പറഞ്ഞു "ഇതു വളരെ വില പിടിച്ചതാണ്. എവിടുന്നാണ് ഇതു കൊണ്ടുവരുന്നത്?"

അമല—എവിടുന്നു കൊണ്ടുവരുന്നു എന്നോ? ഇതു പുരന്ദരൻ നിനക്കായിട്ടു കൊടുത്തയച്ചതാണ്. നീ എ

ൻെറ വീട്ടിലുണ്ടെന്നറിഞ്ഞ് എന്നെ വിളിച്ച് ഇതു നിനക്കു തരുവാനായി പറഞ്ഞ് അദ്ദേഹം തന്നതാണ്.

ഹിര—(നോക്കിക്കൊണ്ടു ആത്മഗതം) ഇതു വാങ്ങുന്നതായാൽ എൻെറ ദാരിദ്ര്യം നീങ്ങിപ്പോകും.

ഇങ്ങിനെ വിചാരിച്ച്, ഈ മാല വാങ്ങിയാൽ തൻെറ കഷ്ടപ്പാടുകൾ തീരുമെന്നു കണ്ടിട്ടും ഹിരണ്മയിക്ക് അതു ചെയ്യാൻ ഉറപ്പുവന്നില്ല. ധനികനായ ധനദാസൻെറ മകളായി വലിയ ധനസമൃദ്ധിയോടുകൂടി വളൎന്നുവന്ന ഒരു സ്ത്രീ അന്നവസ്ത്രങ്ങൾക്കു കൂടി കഷ്ടപ്പെട്ടാലും ഒരാളുടെ ദാനം സ്വീകരിക്കുവാൻ ഇഷ്ടപ്പെടുമോ? ഹിരണ്മയി ഒരു ദീൎഘശ്വാസത്തോടുകൂടി പറഞ്ഞു:— "അമലേ! ഈ മാല സ്വീകരിപ്പാൻ എനിക്കിഷ്ടമില്ലെന്ന് നിങ്ങൾ ആ വൎത്തകനോടു പറഞ്ഞേക്കു."

അമല:—(അത്ഭുതത്തോടെ) നിനക്കെന്താ ഭ്രാന്താണോ? അതോ, ഞാൻ പറഞ്ഞ വാക്കിൽ വിശ്വാസമില്ലേന്നോ?

ഹിര:—നിങ്ങൾ പറഞ്ഞത് പരമാൎത്ഥമാണെന്ന് എനിക്കു വിശ്വാസമുണ്ട്. എനിക്കൊട്ടു ഭ്രാന്തുമില്ല. പക്ഷേ, ഞാനിതു വാങ്ങുന്നതല്ല.

ഹിരണ്മയിയുടെ ഈ ഖണ്ഡിതമായ മറുവടി കേട്ടിട്ട് അമല വളരെ വ്യസനിച്ചു. എന്തു ചെയ്തിട്ടും ഹിരണ്മയി ആ വൈരമാലയെ വാങ്ങിയില്ല. അതുകൊണ്ടു അമല, ആ വൈരമാലയും കയ്യിലെടുത്ത് ആ നഗര

ത്തിലെ രാജാവായ മാധവദേവന്റെ സന്നിധിയിൽ ചെന്ന് വന്ദിച്ച് മാല അദ്ദേഹത്തിന്നടിയറ വെച്ച് "ഇവിടുന്ന് ഈ വൈരമാലയെ ദയചെയ്ത് സ്വീകരിക്കണം. ഇതു ധരിപ്പാനുള്ള യോഗ്യത ഇവിടേക്കാണുള്ളത്" എന്നു പറഞ്ഞു. രാജാവ് ആ വിശേഷപ്പെട്ട വജ്രഹാരം വാങ്ങി അമലക്ക് അനവധി ധനം സമ്മാനിക്കുകയും ചെയ്തു. ഇതൊന്നും ഹിരണ്മയി അറിഞ്ഞില്ല.

ഈ സംഭവത്തിന്നു ശേഷം കുറെ ദിവസം കഴിഞ്ഞപ്പോൾ ഒരു ദിവസം പുരന്ദരന്റെ പരിചാരികമാരിൽ ഒരുവൾ ഹിരണ്മയിയുടെ അടുക്കൽ വന്ന് ഇങ്ങിനെ പറഞ്ഞു.—"അമ്മേ! നിങ്ങൾ ഒരു കുടിലുവീട്ടിലാണ് പാർക്കുന്നത് എന്നു കേട്ട് ഞങ്ങളുടെ പ്രഭു വളരെ വ്യസനിക്കുന്നു. നിങ്ങൾ പ്രഭുവിന്റെ ചെറുപ്പത്തിലെ സഖിയാണല്ലോ. അതുകൊണ്ട് അദ്ദേഹത്തിന്റെ ഗൃഹം തന്നെ നിങ്ങളുടേയും ഗൃഹമാണ്. എന്നിരുന്നാലും നിങ്ങൾ അവിടെ വന്നു താമസിക്കേണമെന്ന് യജമാനൻ പറയുന്നില്ല. അദ്ദേഹം നിങ്ങളുടെ അച്ഛന്റെ വീട് അതു കൈവശപ്പെടുത്തിയ കടക്കാരരോടു വിലക്കു വാങ്ങിയിരിക്കുന്നു. ആ വീട് അദ്ദേഹം നിങ്ങൾക്കു ദാനമായി തരികയും ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ ആ വീട്ടിൽ പോയി താമസിക്കേണമെന്ന് പ്രഭു അപേക്ഷിക്കുന്നു. ഈ സംഗതി ഇവിടെ വന്നു പറയുവാൻ എന്നോട് യജമാനൻ പറഞ്ഞയച്ചിട്ടുണ്ട്."

ഹിരണ്മയിക്കു ദാരിദ്ര്യംകൊണ്ടുള്ള ദുഃഖത്തെക്കാൾ അധികം കഠിനമായ ദുഃഖം അവളുടെ പിതാവിൻെറ ഗൃഹം കൈവിട്ടു് പോയതിലായിരുന്നു. എവിടെ അവൾ ബാല്യത്തിൽ ക്രീഡകൾ ചെയ്തു പോന്നുവോ, എവിടെ അവൾ അച്ഛനമ്മമാരുടെ ലാളനസുഖം അനുഭവിച്ചുംകൊണ്ടിരുന്നുവോ, എവിടെ വെച്ച് അവളുടെ മാതാപിതാക്കന്മാർ ദേഹവിയോഗം പ്രാപിച്ചുവോ അവിടെ, ആ പ്രിയപ്പെട്ട ജീവിതസങ്കേതമായ ഗൃഹത്തിൽ, വീണ്ടും ഈ നിലയിൽ പോയി താമസിക്കുന്നതു ഹിരണ്മയിക്കു വളരെ ദുഃഖാവഹമായി തോന്നി. ആ വീട്ടിനെപ്പററി പറഞ്ഞപ്പോൾ അവളുടെ കണ്ണുകളിൽനിന്നു ധാരധാരയായി വെള്ളം വീണുകൊണ്ടിരുന്നു. അവസാനത്തിൽ ഹിരണ്മയി പുരന്ദരൻെറ പരിചാരികക്കു നന്ദി പറഞ്ഞു് ഇങ്ങിനെ പ്രസ്താവിച്ചു:—“ഞാൻ നിങ്ങളുടെ പ്രഭുവിൻെറ ഈ ദാനം സ്വീകരിക്കുന്നതു് ഉചിതമല്ല. എങ്കിലും ആശയെ അടക്കുവാൻ എനിക്കു ശക്തിയില്ലാതായിരിക്കുന്നു. നിങ്ങളുടെ യജമാനന്നു എല്ലാ വിധത്തിലുള്ള മംഗളങ്ങളും മേൽക്കുമേൽ ഉണ്ടാകുവാൻ ഞാൻ പ്രാത്ഥിക്കുന്നതായി അവിടെ ചെന്നു പറയണം.”

പരിചാരിക ഹിരണ്മയിയെ വണങ്ങി യാത്ര പറഞ്ഞു പോയി. ഇതു പറയുന്നിടത്തു തന്നെ അമലയും ഉണ്ടായിരുന്നു. പരിചാരിക പോയപ്പോൾ ഹിരണ്മയി അവളോടു് “അമലേ! ആ വലിയ വീട്ടിൽ ഞാൻ ഏ

കാകിനിയായി ചെന്നു താമസിക്കയില്ല. നിങ്ങളും അവിടെ വന്ന് എന്നോടൊരുമിച്ചു താമസിക്കണം" എന്നു പറഞ്ഞു.

അമല, ഹിരണ്മയിയുടെ ആഗ്രഹപ്രകാരം ചെയ്യാൻ സമ്മതിക്കുകയും, രണ്ടുപേരുംകൂടി ധനദാസന്റെ ഗൃഹത്തിൽ ചെന്നു താമസം തുടങ്ങുകയും ചെയ്തു. എങ്കിലും അമല അടിക്കടി പുരന്ദരന്റെ ഗൃഹത്തിലേക്കു പോയി വന്നിരുന്നു. ഈ സംഗതി ഹിരണ്മയിക്കു മനസ്സിലായപ്പോൾ അവൾ അങ്ങിനെ ചെയ്യരുതെന്ന് അമലയോടു പറഞ്ഞു. അതുപ്രകാരം അമല പുരന്ദരന്റെ ഗൃഹത്തിലേക്കു പോകുന്നതു നിർത്തൽ ചെയ്തു.

ഹിരണ്മയിക്കു പിതൃഗൃഹത്തിൽ വന്നതു മുതൽ ഒരു വിധം ആശ്ചര്യമുണ്ടായി. അങ്ങിനെ നാളുകൾ പോയിത്തുടങ്ങി. ഒരു ദിവസം അമല, "ഹിരണ്മയി! ജീവിതനിർവ്വഹണത്തെപ്പററി നീ വിചാരപ്പെടേണ്ട. നീ പുറത്തു പോയി പണിയെടുത്ത് ക്ലേശിക്കയും വേണ്ടതില്ല. എനിക്കിവിടെ അന്തഃപുരത്തിൽ പരിചാരക പ്രവൃത്തിയാണ്. പണം വരുന്നതിന്ന് ഒരു കുറവുമില്ല. നീ ഈ വീട്ടിലെ യജമാനത്തിയായിട്ടിരുന്നുകൊൾക" എന്നു പറഞ്ഞു.

അമലയുടെ കയ്യിൽ 'പണം' കിടന്നു കളിച്ചുതുടങ്ങി. അതു കണ്ട് ഹിരണ്മയി ആശ്ചര്യപ്പെട്ടു. സാധു ഹിരണ്മയിയുടെ ഹൃദയത്തിൽ പലവിധത്തിലുള്ള ശങ്കകളും ഉണ്ടായി. എങ്കിലും സംഗതികളൊന്നും മന

സ്സിലായില്ല. എന്താണു വരുന്നതെന്നുവെച്ചാൽ വരട്ടേ എന്നു വെച്ച് സമാധാനിച്ച് ഹിരണ്മയിയും സ്വസ്ഥയായിട്ടിരുന്നു.

## ൭-ാം അദ്ധ്യായം.

### സ്വപ്നമോ മായയോ?

ഹിരണ്മയിയുടെ വിവാഹം കഴിഞ്ഞിട്ട് അഞ്ചു കൊല്ലം കഴിഞ്ഞു. അഞ്ചാമത്തെ ആണ്ടു തികയുന്ന മാഘമാസത്തിലെ ശുക്ലപഞ്ചമിയായി. ഒരു ദിവസം ഹിരണ്മയി അതിനെപ്പറ്റി ഗാഢമായി ചിന്തിച്ചും മേലാൽ വരുവാൻ പോകുന്ന സംഭവങ്ങളെക്കുറിച്ച് അറിയുവാൻ പരിഭ്രമിച്ചും ചിന്താമഗ്നയായിട്ടിരിക്കുകയായിരുന്നു.

നേരം സന്ധ്യ സമീപിച്ചു. പക്ഷികൾ തങ്ങളുടെ വിശ്രമത്തിന്നുള്ള കൂട്ടുകളെ തേടി പറന്നുതുടങ്ങി. ഇരുട്ട് പതുക്കെ പരന്നുംതുടങ്ങി. നിബിഡമായ ഒരു നിശ്ശബ്ദത ദിക്കിലെല്ലാടവും വ്യാപിച്ചു. എന്നിട്ടും അമല വീട്ടിലേക്കു മടങ്ങി വന്നുകഴിഞ്ഞില്ല. വിചാരവീചിയിൽ മഗ്നയായിരിക്കുന്ന ഹിരണ്മയിയിൽനിന്ന് അവളറിയാതെ തന്നെ അവളുടെ വിചാരങ്ങൾ വാക്കുകളുടെ രൂപത്തിൽ പുറപ്പെട്ടു തുടങ്ങി. "ശരി, ഗുരുവിൻെറ ആജ്ഞ

പ്രകാരം നാളെ എനിക്കു വിവാഹമോതിരം ധരിക്കാം. എന്നാൽ ഞാനതു ധരിക്കേണമോ? ധരിച്ചിട്ട് ആവശ്യം എന്താണ്? അതു ധരിച്ചതുകൊണ്ട് എന്തു പ്രയോജനമാണ് ഉണ്ടാവാനുള്ളത്? പക്ഷേ അതുകൊണ്ടു എനിക്കെന്റെ ഭർത്താവിനെ കാണുവാൻ കഴിയുമായിരിക്കാം. എന്നാൽ എനിക്കദ്ദേഹത്തെ കണ്ടിട്ടു എന്തൊരു ഗുണമാണുള്ളത്? എന്റെ മനസ്സിൽ എപ്പോഴും മറ്റൊരു പുരുഷന്റെ രൂപം കിടന്നുകളിക്കുന്നതെന്തിനാണ്? ചാപല്യമേറിയ മനസ്സേ! നിന്റെ വ്യാപാരം അസഹ്യം തന്നെയാണ്. ആ ഛായയേ വേഗത്തിൽ മറച്ചു കളഞ്ഞാലും. അല്ലെങ്കിൽ എന്നെപ്പോലെ മഹാപാപിയായി മറ്റാരുമില്ലെന്നു വരും.”

ഹിരണ്മയിയുടെ വിചാരം ഇത്രത്തോളമായപ്പോഴേക്ക്, അമല ഭയപരിഭ്രമങ്ങളോടുകൂടി അകത്തേക്ക് ഓടിയെത്തി.

അമല:—ഇതു നല്ല നേരമ്പോക്കു തന്നെ. എനിക്കിതിന്റെയൊന്നും അർത്ഥം മനസ്സിലാകുന്നില്ല. ഇനി എന്തൊക്കെയാണാവോ സംഭവിക്കുവാൻ പോകുന്നത്?

ഹിരണ്മയി:—ഉം—എന്താണതു സംഗതി?

അമല:—എന്താണെന്നോ? നിന്നെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോകാനായി മഹാരാജാവ് അനേകം ദാസിമാരോടും ദാസന്മാരോടുംകൂടി കൊട്ടാരം വക പല്ലക്ക് കൊടുത്തയച്ചിരിക്കുന്നു. അതു കണ്ടില്ലേ?

ഹിരണ്മ:—ബുദ്ധിയില്ലാത്തവളായ അമലേ! നിനക്കു

മുഴുത്ത ഭ്രാന്താണ്. എന്നെ രാജധാനിയിലേക്കു കൊണ്ടുപോകുന്നോ? നല്ല കഥ! മഹാപാപിയായ ഈ പിച്ചക്കാരിയെ പല്ലക്കിൽ കൊണ്ടുപോകുന്നതു എന്തു കാൎയ്യത്തിനാണ്?

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോഴക്ക് രാജധാനിയിൽനിന്നു വന്ന ദാസിമാരിൽ ഒരുവൾ ഹിരണ്മയിയുടെ അരികത്തെത്തി. അവൾ ഇങ്ങിനെ പറഞ്ഞു. "മഹാരാജാവായ മാധവദേവൻ ദീൎഘായുസ്സായി ഭവിക്കട്ടേ. ഹിരണ്മയിയെ പെട്ടന്ന് രാജസന്നിധിയിലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ മഹാരാജാവ് കല്പനയായിരിക്കുന്നു. പല്ലക്കും എടുപ്പാനുള്ള ആളുകളും തെയ്യാറുമുണ്ട്. ഒട്ടും താമസിക്കാതെ പുറപ്പെടുക" ഇങ്ങിനെ രാജദാസി പറഞ്ഞതുകേട്ട്, ഹിരണ്മയി വല്ലാതെ പരിഭ്രമിച്ച് കുറച്ചു നേരം സ്തംഭിച്ചു നിന്നുപോയി. രാജാവിൻെറ കല്പനക്കെതിരില്ലെന്ന് അവൾക്കറിവുണ്ട്. അതുകൊണ്ട് എന്തു തന്നെയായാലും പോകാതെ നിവൃത്തിയില്ലെന്നുറച്ച് അവൾ പുറപ്പെട്ടു. വിശേഷിച്ച് മാധവദേവരാജാവ് സത്യസന്ധനും ധൎമ്മനിഷ്ഠനും ദയാശീലമുള്ളവനുമാണെന്ന് അവൾ ധരിച്ചിട്ടുമുണ്ടായിരുന്നു. സദാചാരത്തിൽ വലിയ നിഷ്ഠയുള്ളവനാണദ്ദേഹമെന്നും അവൾക്കു കേട്ടറിവുണ്ട്. അതുകൊണ്ട് ഭാവിയെപ്പററി തെല്ലുപോലും ഭയംകൂടാതെ തന്നെയാണ് ഹിരണ്മയി കോവിലകത്തേക്കു പുറപ്പെട്ടത്. മാധവദേവരാജാവ് ഒരു സദ്വൃത്തനാണെന്നതിന്നു പുറമെ അബ

ലകളായ സ്ത്രീകളെ വലിയ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി പരിപാലിക്കുന്നതിന്നു സദാ ജാഗരൂകനും ആയിരുന്നു.

പുറപ്പെട്ടപ്പോൾ ഹിരണ്മയി അമലയോടു പറഞ്ഞു.—"അമലേ! നീ കൂടി എന്റെ ഒരുമിച്ചു രാജധാനിയിലേക്കു പോരണം. ഞാൻ ഏതായാലും രാജധാനിയിൽ പോയി എന്റെ അചഞ്ചലമായ രാജഭക്തിയേയും സത്യനിഷ്ഠയേയും പ്രദൎശിപ്പിക്കുവാനുറച്ചു. അങ്ങിനെ ഉറച്ചതോടുകൂടി എന്റെ ഭയവും തീൎന്നു."

ഇങ്ങിനെ പറഞ്ഞ്, അമലയോടുകൂടി പല്ലക്കിൽ കയറി ഹിരണ്മയി രാജധാനിയിലേക്കു പോയി. രാജാവിന്റെ ഭൃത്യന്മാർ അവളെ വലിയ ആഡംബരത്തോടുകൂടിയാണ് കോവിലകത്തേക്കു കൊണ്ടുപോയത്. കൊട്ടാരത്തിൽ ചെന്ന ഉടനെ ഒരു ഭൃത്യൻ ഹിരണ്മയി എത്തിയ വിവരം തിരുമനസ്സുണൎത്തിച്ചു. ദാസികൾ അവളെ രാജാവിന്റെ സമക്ഷത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

ഹിരണ്മയിക്ക് ഈ നടക്കുന്നതൊക്കെ "സ്വപ്നമോ മായയോ" എന്ന സംശയമല്ലാതെ ഒന്നും തോന്നിയില്ല. മഹാരാജാവ് എളിയവളായ തന്നെ എന്തിനാണ് ആളയച്ചു വരുത്തിയതെന്നറിയാതെ ഹിരണ്മയി പരിഭ്രമിച്ചു. എങ്കിലും രാജാവിന്റെ ഈ പ്രവൃത്തിയാതൊരു ദുരുദ്ദേശത്തോടും കൂടിയല്ലെന്ന് അവൾക്കു നല്ല ഉറപ്പു തോന്നി. നുവൾ അതുവരെ അനുഭവിച്ച

ത്തും കോവിലകത്തു വന്നപ്പോൾ കണ്ടതും കേട്ടതുമായ സംഗതികൾ അവൾക്കു സന്തോഷത്തേയും ആശ്ചൎയ്യത്തേയുമല്ലാതെ ദുശ്ശങ്കയെ ജനിപ്പിക്കത്തക്കതായിരുന്നില്ല. ഭൃത്യന്മാരുടെ ഉപചാരങ്ങൾ അത്രമേൽ മൎയ്യാദയോടു കൂടിയവയായിരുന്നു. എന്തായാലും അറിയാമല്ലോ എന്നു വിചാരിച്ച് ഒടുക്കം അവൾ സമാധാനിച്ചു.

## ൮-ാം അദ്ധ്യായം.

### രാജാവുമായുള്ള കൂടിക്കാഴ്ച.

ഹിരണ്മയി മാധവദേവരാജാവിനെ കണ്ടതിൽ അദ്ദേഹത്തിന്റെ മട്ട് അവൾക്ക് ആകപ്പാടെ ബോധിച്ചു. പ്രശാന്തഗംഭീരമായ അദ്ദേഹത്തിന്റെ ഭാവം അവളെ അത്യധികം ആകൎഷിച്ചു. അദ്ദേഹം അരോഗദൃഢഗാത്രനായ ഒരു യുവാവായിരുന്നു. അദ്ദേഹത്തിന്റെ വിശാലമായ ഫാലദേശം അദ്ദേഹം ഒരു ബുദ്ധിശാലിയാണെന്നു വിളിച്ചു പറഞ്ഞിരുന്നു. ഉരുണ്ടും തുടുത്തുമുള്ള കണ്ണുകൾ അദ്ദേഹം ധീരനായ ഒരു യോദ്ധാവാണെന്നു വ്യക്തമാക്കിയിരുന്നു. അന്തഃപുരത്തിൽ പെരുമാറിക്കഴിയുന്ന ഒരു ഹിന്ദുയുവതിക്ക് ഇങ്ങിനെയുള്ള പ്രശാന്തഗംഭീരന്മാരായ പുരുഷഃകസരികളെ കാണുവാൻകൂടിയും സാധിക്കുന്നതല്ല.

ഹിരണ്മയിയുടെ സൌന്ദൎയ്യവും പ്രശാന്തമായ ഭാവവും രാജാവിന്നും വളരെ ബോധിച്ചു. തൻെറ അന്തഃപുരത്തിൽക്കൂടി ഇത്രത്തോളം ലാവണ്യഗുണമുള്ള സ്ത്രീരത്നങ്ങൾ ഇല്ലെന്ന് അവളെ കണ്ട ക്ഷണത്തിൽ അദ്ദേഹത്തിന്നു തോന്നി. ഇങ്ങിനേയുള്ള തരുണീമണിയായ ഹിരണ്മയിയെ, തൻെറ ഗൌരവത്തെ ലവലേശം കൈവിടാതെ സൂക്ഷിച്ചുനോക്കി, ഇപ്രകാരം സംസാരിക്കുവാൻ തുടങ്ങി.

രാജാവ്—നീയാണോ ഹിരണ്മയി?

ഹിരണ്മയി—അടിയൻ തിരുമനസ്സിലെ തൃപ്പാദഭക്തയും ദാസിയുമായ ഹിരണ്മയിയാണ്.

രാജാ:—ശരി; ഞാൻ നിന്നെ ആളയച്ചു വരുത്തിയത് എന്തിനാണെന്നു നിനക്കറിയാമോ? നീ നിൻെറ വിവാഹം നടന്ന ആ രാത്രിയെ ഓൎക്കുന്നുണ്ടോ?

ഹിര:—തിരുമേനി! അടിയൻ ഓൎക്കുന്നുണ്ട്.

രാജാ:—ആ രാത്രിയിൽ നിനക്ക് ആനന്ദസ്വാമികൾ തന്നതായ ആ മോതിരം ഇപ്പോഴും കയ്യിലില്ലേ?

ഹിര:—ഉണ്ട്, തിരുമേനി! അതിപ്പോഴും അടിയൻെറ കയ്യിലുണ്ട്. എന്നാൽ, തിരുമേനി ആ സംഗതി അറിവാനിടയായത് എങ്ങിനെയാണെന്ന് അടിയന്നറിവില്ല. അതെല്ലാം ഏററവും ഗോപ്യമായി നടന്ന സംഗതികളാണല്ലൊ.

രാജാ:—ആ മോതിരം എവിടെ? അതിവിടെ തരൂ.

ഹിര:—അത് അടിയൻ വീട്ടിൽ സൂക്ഷിച്ചിരിക്കയാ

ണ്. അഞ്ചുകൊല്ലം തികയുന്നതിന്നു മുമ്പ് അടിയന്ന് അതു ധരിക്കുവാൻ പാടില്ല. അഞ്ചുകൊല്ലം തികയുവാൻ ഇനിയും ഒന്നര മണിക്കൂറോളം സമയം കഴിയണം.

രാജാ:—ഇരിക്കട്ടെ. വേണ്ടില്ല. അന്ന് ആനന്ദസ്വാമികൾ നിൻെറ ഭർത്താവിന്ന് ഒരു മോതിരം കൊടുത്തുവല്ലോ. അതു നീ കണ്ടാൽ തിരിച്ചറിയുമോ?

ഹിര.—ഉവ്വ്; അടിയന്ന് അതു എളുപ്പത്തിൽ തിരിച്ചറിവാൻ സാധിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ, രണ്ടു മോതിരങ്ങളും എല്ലാംകൊണ്ടും ഒരുപോലെതന്നെ ആയിരുന്നു.

രാജാ: ഇതാ നോക്കു, ആ മോതിരം ഇതാണോ?

ഹിര:—മഹാരാജാവേ! ഇതു നിശ്ചയമായും എൻെറ ഭർത്താവിൻെറ മോതിരംതന്നെയാണ്. ഇതെങ്ങിനെ തിരുമേനിക്കു കിട്ടി എന്ന് അടിയന്നു മനസ്സിലായില്ല. ഈ മോതിരത്തിൻെറ ദർശനംകൊണ്ട് അടിയന്നു വൈധവ്യം വന്നതായി ഊഹിക്കേണ്ടിവരുന്നു. അടിയൻെറ ഭർത്താവിൻെറ മരണശേഷം ദേശാചാരമനുസരിച്ച് [ഉടമസ്ഥനില്ലാത്ത മുതൽ കോവിലകം വകയാണല്ലോ] ഇതു തൃക്കയ്യിൽ വന്നതാണെന്ന് അടിയൻ വിചാരിക്കുന്നു. അടിയൻെറ ഭർത്താവിന്നു ജീവനുണ്ടെങ്കിൽ അദ്ദേഹം ഒരുവിധത്തിലും ഈ മോതിരം കൈവിടുവാൻ വഴിയില്ല.

രാജാ:—ഹേ സ്ത്രീരത്നമേ! നിനക്കു വൈധവ്യം വന്നിട്ടില്ല. എന്റെ വാക്കു വിശ്വസിച്ചുകൊൾക.

ഹിര:—അങ്ങിനെയാണെങ്കിൽ അടിയന്റെ ഭർത്താവ് ഗത്യന്തരമില്ലാതെ ഇതു വിററതായിരിക്കണം. കഷ്ടം! അദ്ദേഹം അടിയനെക്കാൾ വലിയ ദാരിദ്ര്യത്തിൽ അകപ്പെട്ടു വലയുന്നുണ്ടായിരിക്കാം.

രാജാ:—അതുമല്ല, നിന്റെ ഭർത്താവ് നീ വിചാരിക്കുന്നതിന്നു നേരെ മറിച്ച് വലിയ ധനവാനാണ്.

ഹിര:—എന്നാൽ ഈ മോതിരം ഇവിടേക്കു കിട്ടിയത് ഒന്നുകിൽ ശക്തി പ്രയോഗിച്ചിട്ടോ, അല്ലെങ്കിൽ ചതി പ്രയോഗിച്ചിട്ടോ ആയിരിക്കണം.

രാജാ:—(ആശ്ചര്യത്തോടെ) നീ തീരെ ബുദ്ധിയില്ലാത്ത ഒരു സ്ത്രീയാണ് നിശ്ചയം. മാധവദേവരാജാവ് ഒരു കള്ളനോ ചതിയനോ ആണെന്ന് ഇതേവരെ ആരും പറഞ്ഞിട്ടില്ല.

ഹിര:—എന്നാൽ ആ മോതിരം ഇവിടേക്കെങ്ങിനെ ലഭിച്ചു? അടിയന്റെ കുററം ക്ഷമിക്കണം.

രാജാ:—നിന്റെ വിവാഹദിവസം രാത്രി ആനന്ദസ്വാമികൾ എന്റെ കൈവിരലിൽ ഇടുവിച്ച മോതിരമാണ് ഇത്.

ഹിര:—(ലജ്ജിച്ചു തലതാഴ്ത്തിക്കൊണ്ട്) മഹാരാജാവേ! തിരുമേനിയുടെ ദാസിയായ അടിയന്റെ അപരാധങ്ങളെ പൊറുക്കണമേ! അവിടുന്നു അരുളിച്ചെയ്തതു ശരിയാണ്. അടിയൻ ബുദ്ധിയില്ലാത്ത ഒരു പെ

ണ്ണാണ്. അറിവില്ലായ്കയാൽ ചെയ്തുപോയ കുററങ്ങൾ ദയചെയ്ത് ക്ഷമിക്കണമേ!

ഹിരണ്മയി അത്ഭുതപരതന്ത്രയായിച്ചമഞ്ഞു. താൻ മാധവദേവരാജാവിന്റെ മഹിഷിയാണെന്നു കേട്ടത് അവളെ അപാരമായ ആശ്ചര്യസാഗരത്തിൽ മുക്കി. എന്നാൽ, അതുകൊണ്ട് അവൾക്കു കുറച്ചെങ്കിലും അഭിമാനമോ സന്തോഷമോ ഉണ്ടായില്ല. പ്രത്യുത, അവളുടെ മനസ്സ് ഇടിയുകയും അവൾ കുറേനേരം അന്ധയായി നിൽക്കുകയുമാണുണ്ടായത്. അവളുടെ മനസ്സ് പലതരത്തിലുമുള്ള വിചാരങ്ങളാൽ പര്യാകുലമായി. അവൾ വിചാരിച്ചു— "ഇത്രകാലവും ഞാൻ പുരന്ദരന്റെ വിരഹം അനുഭവിച്ചിരുന്നുവെങ്കിലും ഇതുവരേയും ഞാൻ യഥാർത്ഥത്തിൽ ആരുടേയും ഭാര്യയായിട്ടുണ്ടായിരുന്നില്ല. അന്യോന്യം അനുരാഗമില്ലാത്തവരായ വധൂവരന്മാരുടെ ശോച്യാവസ്ഥ ഇപ്പോൾ എനിക്കറിയാറായി. ഹാ കഷ്ടം! എന്റെ മനസ്സിനാൽ ഞാൻ വരിച്ചിട്ടുള്ള ഭർത്താവു പുരന്ദരൻതന്നെയാണ്. പിന്നെ ഞാൻ മറെറാരുത്തനെ എങ്ങിനെ സ്നേഹിക്കും? ഞാൻ അന്യന്റെ ഭാര്യയായിരുന്ന് എങ്ങിനെ അയാളുടെ ഗൃഹസുഖത്തിന്നു കാരണമായി ജീവിക്കും" എന്നെല്ലാമായിരുന്നു അവളുടെ വിചാരത്തിന്റെ പോക്ക്. അവൾ ഇങ്ങിനെ വിചാരിച്ചുംകൊണ്ടു നിൽക്കുന്നതിനിടയിൽ രാജാവ് അവളെ നോക്കി ഇങ്ങിനെ പറഞ്ഞു.

രാജാ:—ഹിരണ്മയി, നീ എന്റെ ഭാര്യയാണ്. എ

ന്നാൽ നിന്നെ സ്വീകരിക്കുന്നതിന്നു മുമ്പ് എനിക്കു നിന്നോടു ചിലതെല്ലാം ചോദിക്കുവാനുണ്ട്. ദയചെയ്ത് എന്റെ ചോദ്യങ്ങൾക്കെല്ലാം നീ മറുവടി പറയണം. ഒന്നാമത്, നീ പുരന്ദരന്റെ വീട്ടിൽ എന്തൊരു ബന്ധത്തിന്മേലാണ്, വാടകകൊടുക്കുകകൂടി ചെയ്യാതെ പാൎക്കുന്നത്? രണ്ടാമത്, നിന്റെ കൂട്ടുകാരിയായ അമല പുരന്ദരന്റെ ഗൃഹത്തിൽ പതിവായി പോയ്ക്കൊണ്ടിരിക്കുന്നത് എന്തിനാണ്?

ഹിരണ്മയി നാണിച്ചു തല താഴ്ത്തി. പനയുടെ ഉണങ്ങിയ ഓലപോലെ അവളുടെ മുഖം വിളൎത്തു. തല താഴ്ത്തി, മറുവടി പറയുന്നതിന്നു ശക്തിയില്ലാതെ കുറച്ചു നേരം അവൾ സ്തംഭിച്ച് നിന്നുപോയി. "ഹാ ദൈവമേ! ഇദ്ദേഹത്തിന്നറിവില്ലാത്തത് ഒന്നുമില്ലല്ലോ" എന്നവൾ മനസ്സിൽ വിചാരിച്ചു. അപ്പോഴേക്കു രാജാവ് തുടൎന്നു പറഞ്ഞു.

രാജാ:—ഇപ്പറഞ്ഞതിലും ഗൌരവംകൂടിയ സംഗതി ഇനിയും പറയാനുണ്ട്. കല്യാണം കഴിഞ്ഞ് യൌവനദശയിലിരിക്കുന്ന നീ പുരന്ദരനിൽനിന്നു വളരെ വിലപിടിച്ച ഒരു രത്നമാല സമ്മാനമായി സ്വീകരിച്ചില്ലേ? അത് എന്തിന്നയാണ്, എന്തിനാണ്?

ഇതു കേട്ടപ്പോൾ ഹിരണ്മയിക്കു ശ്വാസം നേരെയായി. രാജാവിന്റെ ഇപ്പോഴത്തെ ചോദ്യം പരമാൎത്ഥമല്ലെന്ന് അവൾക്കറിവുണ്ടായിരുന്നു. ആകയാൽ, ഇത്തവണ അവൾ തലപൊക്കി ധൈൎയ്യത്തോടുകൂടി മറുവടി പറഞ്ഞു.

ഹിര:—ഇവിടുന്ന് സർവ്വജ്ഞനല്ലെന്ന് ഇപ്പോൾ അടിയനു മനസ്സിലായി. അടിയൻ ആ രത്നമാല സ്വീകരിക്കാതെ മടക്കി അയക്കുകയാണുണ്ടായത്.

രാജാ:—അങ്ങിനെയല്ല. ആ മാല നീ എനിക്കു വില്ക്കുകയാണു ചെയ്തത്. ആ മാല എൻെറ കയ്യിലുണ്ട്. ഇതാണ് ആ മാല. അല്ലേ എന്നു നല്ലവണ്ണം നോക്കി പറയൂ.

ഹിര:—(ഭയപരിഭ്രമങ്ങളോടുകൂടി) മഹാരാജാവേ! ഈ മാല ഇവിടേക്കു വിററതു അടിയനാണോ?

രാജാ:—അല്ല. നിൻെറ പരിചാരികയും ദൂതുകാരിയുമായിട്ട് അമല എന്നൊരുവളുണ്ടല്ലോ, അവളാണ് ഇതെനിക്കു വിററതു. ഞാൻ അവളെ കൂട്ടിക്കൊണ്ടുവരാൻ ആളെ അയയ്ക്കട്ടയോ?

ഹിരണ്മയിക്ക്, തന്നെ വളരെ സഹായിച്ച അമലയെ കുററക്കാരിയാക്കുന്നതു പാപമാണെന്നു തോന്നി. അവൾ പറഞ്ഞു. "അതു വേണ്ട. അടിയൻ തന്നെ കുററം സമ്മതിക്കുന്നു. അടിയൻ ആവശ്യപ്പെടുകയും ഉപദേശിക്കയും ചെയ്തപ്രകാരമാണ് അമല ആ മാല വിററത്. അടിയൻ കുററക്കാരത്തിതന്നെ." ഈ മറുവടി കേട്ടു മാധവദേവരാജാവ് വളരെ ആശ്ചര്യപ്പെട്ടുപോയി.

രാജാ:—സ്ത്രീബുദ്ധി വല്ലാത്തതാണ്. അവരുടെ മനോഗതികൾ അറിവാൻ വലിയ പ്രയാസമാണ്. വിവാഹം കഴിഞ്ഞ നീ ഈ സമ്മാനം സ്വീകരിച്ചതെങ്ങിനെയാണ്? ആ ചോദ്യത്തിന്ന് ഇനിയും നീ ഉത്തരം തന്നിട്ടില്ല എന്നറിയണം.

ഹിര:—ആ ദാനം ഞാൻ സ്വീകരിച്ചതു മനസ്സാലെതന്നെയാണ്. അതു തന്നാൾക്ക് എൻെറ പേരിൽ തോന്നിയിട്ടുള്ള അവ്യാജവും അഗാധവുമായ പൂൎണ്ണാനുരാഗത്തിൻെറ ഒരു ചെറിയ സൂചകമായിട്ടാണ് ഞാനതു സ്വീകരിച്ചത്.

രാജാവിൻെറ ആശ്ചൎയ്യം ഇതു കേട്ടപ്പോൾ അധികമായി. അദ്ദേഹം പറഞ്ഞു. "നീ എന്താണ് പറഞ്ഞത്? അനുരാഗമെന്നോ? ഏതുവിധം അനുരാഗത്തെപ്പററിയാണ് നീ ഘോഷിക്കുന്നത്?"

ഹിര:—മഹാരാജാവേ! അടിയൻ നികൃഷ്ടയും ഹീനയുമായ ഒരു മഹാപാപിയാണ്. തിരുമേനിയുടെ ഭാൎയ്യയാകുവാൻ അടിയന്ന് അൎഹതയില്ല. എന്നാൽ ഏതുകാലത്തും അവിടുത്തെ അടിമയായ ഒരു ദാസിയാണ് അടിയൻ. ഇപ്പോൾ വീട്ടിലേക്കു പോകുവാൻ കല്പിച്ചനുവാദം തരണം. ഇവിടുന്ന് അടിയനെ വിവാഹംചെയ്ത കഥ മറന്നുകളയണം. അപ്രകാരം ഒരു സംഭവം ഉണ്ടായിട്ടേ ഇല്ലെന്നു കരുതി വല്ലപ്രകാരവും ഇവിടുന്നു സമാധാനിക്കണം.

ഇത്രയും പറഞ്ഞ്, രാജാവിനെ താണു തൊഴുത് ഹിരണ്മയി അവിടേനിന്നു പോകുവാൻ ശ്രമിച്ചു. അതു കണ്ട്, അതേവരേയും അനേകം വികാരങ്ങൾ സ്ഫുരിച്ചിരുന്നതായ രാജാവിൻെറ മുഖം, പെട്ടന്നുണ്ടായ ഒരു മന്ദഹാസത്താൽ വ്യാപ്തമായി ഭവിച്ചു. ചിരി അടക്കുവാൻ വഹിയാതെ ഒടുവിൽ അദ്ദേഹം പൊട്ടിച്ചിരി

ക്കുകതന്നെ ചെയ്തു. ആ ചിരിയുടെ ശബ്ദം കേട്ടു ഹിര ണ്മയി പിന്തിരിഞ്ഞു നോക്കി. ആ സമയത്തു മാധവ ദേവരാജാവ് അവളെ നോക്കി മൃദുവായ സ്വരത്തിൽ സംസാരിക്കുവാൻ തുടങ്ങി.

രാജാ:—അല്ലയോ ഹിരണ്മയി! ഭവതി നിസ്സംശയം എന്നെ തോല്പിച്ചിരിക്കുന്നു. ഞാനും ഭവതിയും നമ്മൾ രണ്ടുപേരുടേയും ബുദ്ധിസാമർത്ഥ്യത്തെ തമ്മിൽ തമ്മിൽ പരീക്ഷിച്ചു നോക്കുകയാണ് ഇവിടെ ചെയ്തത്. ആ പരീക്ഷയിൽ ഭവതിയാൽ ഞാൻ നിശ്ശേഷം പരാജിതനായി. ഭവതി പോകുവാൻ വരട്ടെ. ക്ഷമയോടുകൂടി ഇങ്ങോട്ടു നോക്കൂ. ഭവതി ഒരുവിധത്തിലും നികൃഷ്ടയോ ഹീനയോ അല്ല. ഞാൻ ഭവതിയുടെ ഭർത്താവുമല്ല. ഹിരണ്മയി! പോകുവാൻ ബദ്ധപ്പെടേണ്ട.

ഹിര:—മഹാരാജാവേ! സംഗതി അങ്ങിനെയാണെങ്കിൽ ഈവക ചെപ്പടിവിദ്യകളുടെ താല്പര്യം എന്താണ്? അടിമയായ അടിയന്നു പരമാർത്ഥം വെളിപ്പെടുത്തിത്തരുവാനപേക്ഷയുണ്ട്. ഇതുള്ളവൾ ഒരു പാവപ്പെട്ട സ്ത്രീയാണേ! ധീരോദാത്തനായ ഒരു രാജാവ് അടിമയായ ഒരു സാധുസ്ത്രീയുടെ കഥയില്ലായ്മയും പരിഭ്രമവും കണ്ട് വിനോദിക്കുവാൻ തുനിയുന്നുവെന്നാണോ അടിയൻ വിശ്വസിക്കേണ്ടത്?

രാജാ:—എന്റെ സമ്പ്രദായക്കാരായ ചില രാജാക്കന്മാർക്ക് ഇങ്ങിനെയുള്ള പ്രയോഗങ്ങൾ ചിലപ്പോൾ രസ

കരങ്ങളും പക്ഷേ ഉപകാരപ്രദങ്ങളുമായിരിക്കും. അതിരിക്കട്ടെ. വേറെ ഒരു സംഗതി ചോദിപ്പാനുണ്ട്: ഉദ്ദേശം ആറു കൊല്ലങ്ങൾക്കു മുമ്പ് നിന്റെ പെട്ടിയിൽനിന്നു നിനക്കൊരു കടലാസ്സുതുണ്ട് കിട്ടുകയുണ്ടായില്ലേ? ആ കടലാസ്സ് ഇന്നും നിന്റെ കൈവശമുണ്ടോ?

ഹിര:—തിരുമേനി! ഇവിടുന്നു എല്ലാം അറിയുന്നവൻ തന്നെയാണ്. ആ കടലാസ്സ് ഇപ്പോഴും എന്റെ കൈവശത്തിലുണ്ട്.

രാജാ:—നല്ലത്; വളരെ നന്നായി. പല്ലക്കും വാഹകന്മാരും ഗോപുരദ്വാരത്തിൽ തെയ്യാറുണ്ട്. വീട്ടിൽ പോയി ആ കടലാസ്സും മോതിരവും എടുത്തു കൊണ്ടുവരിക. എന്നാൽ ഞാൻ എല്ലാ സംഗതികളും വെളിപ്പെടുത്തിത്തരാം.

## ൯-ാം അദ്ധ്യായം.

### മറഞ്ഞതെല്ലാം തെളിഞ്ഞു.

രാജാവിന്റെ കല്പനപ്രകാരം ഹിരണ്മയി പല്ലക്കിൽ കയറിപ്പോയി തന്റെ പാർപ്പിടത്തിലെത്തി. അവൾ വളരെ ഉറപ്പായി സൂക്ഷിച്ചിരുന്ന ആ വിവാഹമോതിരവും തുണ്ടുകടലാസ്സും തന്റെ പെട്ടി തുറന്നു പു

റത്തെടുത്തു. പിന്നെ ഒട്ടും സമയം കളഞ്ഞില്ല. തനിക്കു മനസ്സിലാകാതെ മറഞ്ഞുകിടക്കുന്ന സംഗതികളുടെയെല്ലാം ആന്തരമായ അൎത്ഥം എന്താണെന്നറിയുവാനുള്ള തിടുക്കത്തോടെ ഹിരണ്മയി തിരിയേ പോന്നു് രാജധാനിയിൽ എത്തി. അവൾ ഏററവും വിനയത്തോടുകൂടി ആ തുണ്ടുകടലാസ്സ് രാജാവിൻെറ കയ്യിൽ കൊടുത്തു. രാജാ മാധവദേവൻ ആ കടലാസ്സ് വളരെ സൂക്ഷ്മമായി പരിശോധിച്ചതിന്നുശേഷം വേറെ ഒരു തുണ്ടു കടലാസ്സെടുത്ത് രണ്ടു കടലാസ്സുകളുംകൂടി ഹിരണ്മയിക്കു കൊടുത്തു. രണ്ടു കടലാസ്സുതുണ്ടുകളും കൂടി കൂട്ടിച്ചേൎത്തു വായിക്കുവാൻ രാജാവ് അവളോട് ആവശ്യപ്പെട്ടു. അങ്ങിനെ ചെയ്തപ്പോൾ രണ്ടും കൂടി വളരെ ചേൎന്നു കാണപ്പെട്ടു. അവൾക്ക് അളവററ ഭയവും പരിഭ്രമവും ഉണ്ടായി. അവൾ ആ ചേൎത്തുവെച്ച കടലാസ്സ് താഴെ പറയുംപ്രകാരം വായിച്ചു:—

(ജാതകം ഗണിച്ചുനോക്കിയതിൽ) നിങ്ങളുടെ ആലോചന ആപൽക്കരമാണ് (ഹിരണ്മയി അത്ര സച്ചരിത്ര വിഗ്രഹം) വിവാഹം ചെയ്താൽ വിധവയാകും വിവാഹം ചെയ്താൽ ഭയങ്കരമായ ആപത്ത്) വരാതെ കഴിപ്പാൻ അഞ്ചു സംവത്സരം) ഭാൎയ്യാഭൎത്താക്കന്മാർ (മുഖത്തെ പരസ്പരം) ദൎശിക്കാതിരുന്നാൽ മാൎഗ്ഗമുണ്ടാകും.)....

ഹിരണ്മയിയുടെ വായന കഴിഞ്ഞപ്പോൾ രാജാവ് അവളോട് "ഈ കടലാസ്സ് നിൻെറ പിതാവിന്നു് ആനന്ദസ്വാമികൾ കൊടുത്തതാണ്" എന്നു പറഞ്ഞു.

ഹിര:—അതു അടിയന്ന് ഇപ്പോൾ മനസ്സിലായി. വിവാഹം നടന്ന സമയത്തു ഞങ്ങളുടെ കണ്ണുകൾ കെട്ടിയിരുന്നു. അതിൻെറ കാരണം എന്തായിരുന്നുവെന്നും എനിക്ക് ഇതിൽനിന്നു ധരിക്കാറായി. ഞങ്ങളുടെ വിവാഹം വളരെ ഗൂഢമായും പതിവായുള്ള ആഘോഷങ്ങളും ആഡംബരങ്ങളും ഇല്ലാതേയും നടത്തിയതിൻെറ അത്ഥവും മനസ്സിലായി. അഞ്ചുകൊല്ലത്തേക്ക് വിവാഹമോതിരം ധരിക്കരുതെന്നു പറഞ്ഞതിൻെറ ഉദ്ദേശവും ഇപ്പോൾ സ്പഷ്ടമായി. ഇത്രയും അറിഞ്ഞുകഴിഞ്ഞു. എന്നാൽ ബാക്കിയെല്ലാം ഇനിയും മനസ്സിലായിട്ടില്ല.

ഇങ്ങിനെ ഹിരണ്മയി പറഞ്ഞപ്പോൾ, രാജാവ് അവളുടെ സംശയങ്ങളെ അകററുമാറ് ഇപ്രകാരം പറഞ്ഞു:—

"ആനന്ദസ്വാമികളുടെ ഈ എഴുത്തു കിട്ടിയ ഉടനെ നിൻെറ പിതാവ് നിന്നെ പുരന്ദരന്നു വിവാഹം ചെയ്തുകൊടുപ്പാൻ മുമ്പു ചെയ്തിരുന്ന നിശ്ചയത്തെ ഭേദപ്പെടുത്തിയതും ഇതുകൊണ്ടു വ്യക്തമായില്ലേ? ആ വത്തമാനം അറിഞ്ഞിട്ടാണ് പുരന്ദരൻ വ്യസനാക്രാന്തനായി നാടുവിട്ടു പോയത്. പിന്നെ ആനന്ദസ്വാമികൾ നിനക്ക ചേച്ചയുള്ള ഒരു ഭത്താവിനെ അന്വേഷിച്ചു നടക്കുകയും, തിരഞ്ഞു തിരഞ്ഞ് ഒരാളെ കണ്ടെത്തുകയും ചെയ്തു. അവൻെറ ജാതകം നോക്കിയതിൽ അവന്ന് ഇരുപത്തെട്ടാം വയസ്സിൽ ഒരു ഗ്രഹപ്പിഴയുണ്ടെന്നും,

ആ ഘട്ടം കഴിഞ്ഞാൽ പിന്നെ ദീൎഗ്ഘായുസ്സായിരിപ്പാൻ യോഗമുണ്ടെന്നും കണ്ടു. ഇത്രത്തോളമൊക്കെ സൂക്ഷ്മമായി അറിഞ്ഞത് ആനന്ദസ്വാമികൾക്കുള്ള അപാരമായ ശാസ്ത്രജ്ഞാനംകൊണ്ടാണ്. എന്നാൽ അതിനു മുമ്പുതന്നെ വിവാഹം കഴിഞ്ഞ് അഞ്ച് സംവത്സരങ്ങൾക്കിടക്ക് അവനു മരിക്കത്തക്ക ഒരു ആപത്തു നേരിടുമെന്ന് ആനന്ദസ്വാമികൾ ഗണിച്ചറിഞ്ഞു. ഈ അഞ്ചു കൊല്ലം കഴിഞ്ഞാൽ അവൻ ആരോഗ്യത്തോടും സമ്പത്തോടുംകൂടി ഇരിക്കയും ചെയ്യും.

"ഈ കാരണത്താൽ വരന്ന് ഇരുപത്തിമൂന്നു വയസ്സാകുമ്പോൾ വിവാഹം കഴിപ്പിക്കേണമെന്നു നിശ്ചയിച്ചു. എന്നാൽ, അത്രയും കാലം നിന്നെ അനൂഢയായി വെച്ചുകൊണ്ടിരുന്നാൽ നീ വല്ല ചപലപ്രവൃത്തിയും ചെയ്തേക്കുമോ എന്നും, ബുദ്ധിയില്ലാതെ മററുവല്ലവരേയും ഭൎത്താവായി വരിച്ചേക്കുമോ എന്നും വലിയ ഭയമുണ്ടായിരുന്നു. അങ്ങിനെ ചെയ്യാതിരിപ്പാൻ നിന്നെ ഒന്നു ഭയപ്പെടുത്തേണമെന്നു കരുതിയായിരുന്നു ആ ചീന്തിയ കടലാസ്സുകഷണം നിൻെറ ആഭരണപ്പെട്ടിയിൽ ഇട്ടിരുന്നത്. ആ അഞ്ചുകൊല്ലം പൂൎത്തിയാകുന്നതിന്നുള്ളിലായി നിൻെറ ഭൎത്താവിനെ നീ കാണാതെ കഴിക്കണം. അതിന്നായി എടുത്തു പ്രയോഗിച്ച ഉപായങ്ങൾ എന്തെല്ലാമായിരുന്നുവെന്നു നിനക്കുതന്നെ അറിവുണ്ടല്ലൊ. നിങ്ങളുടെ കണ്ണുകൾ മൂടിക്കെട്ടി അന്യോന്യം കാണ്മാനിടയാക്കാതെ വിവാഹം നടത്തിയതും അതിന്നു വേണ്ടിയായിരുന്നു.

"എങ്കിലും ഏതാനും മാസങ്ങൾക്കു മുമ്പ് അപ്രതീക്ഷിതമായുണ്ടായ ചില വ്യസനസംഭവങ്ങളാൽ ഈ ഏൎപ്പാടുകൾക്കെല്ലാം കുറച്ചു വിഘ്നം നേരിടുകയുണ്ടായി. നിന്റെ പിതാവു മരിച്ചുപോയതും, അതുനിമിത്തമുണ്ടായ കുഴപ്പങ്ങളും, നീ കഠിനമായ ദാരിദ്ര്യത്തിൽ അകപ്പെട്ടതും തീരെ അപ്രതീക്ഷിതങ്ങളും വ്യസനകരങ്ങളുമായ സംഭവങ്ങളാണ്. ഈ സംഭവങ്ങൾക്കു ശേഷം ആനന്ദസ്വാമികൾ ഒരു ദിവസം എന്റെ അടുക്കൽ വരികയുണ്ടായി. അദ്ദേഹം നിന്നെസ്സംബന്ധിച്ച എല്ലാ വൎത്തമാനങ്ങളും എന്നെ ധരിപ്പിച്ചതുകൂടാതെ നിന്റെ വിവാഹത്തിന്റെ അത്ഭുതകരമായ വൈചിത്ര്യവും എന്നോടു പറകയുണ്ടായി. അദ്ദേഹം നിന്നെ രക്ഷിക്കേണ്ട ഭാരം എന്നിൽ ഭരമേല്പിക്കുകയാണു ചെയ്തത്. നിന്നെ രക്ഷിക്കേണ്ടതിന്നു വേണ്ടി എന്തെല്ലാം ചിലവുകൾ ചെയ്യേണ്ടിവരുന്നുവോ അതിന്നൊക്കെയും താൻ ഉത്തരവാദിയാണെന്നും അദ്ദേഹം എന്നോടു പറഞ്ഞു. ഇതിന്നു പുറമെ ഒരു സംഗതികൂടി അദ്ദേഹം എന്നെ ധരിപ്പിക്കുകയുണ്ടായി: നിന്റെ ഭൎത്താവിന്റെ താമസം ഈ പട്ടണത്തിൽത്തന്നെയാണെന്നും, അദ്ദേഹവും നീയും തമ്മിൽ നിശ്ചിതമായ കാലാവധിക്കുള്ളിൽ മുഖത്തോടുമുഖം കാണാതെ കഴിക്കേണമെന്നും; അതിന്നു വേണ്ട ഒത്താശകളെല്ലാം ചെയ്യുന്നമെന്നുമായിരുന്നു അത്. നിന്റെ ഭൎത്താവ് ഇന്നാളാണെന്ന് എനിക്കറിവുണ്ട്. കാണാതിരിക്കേണ്ട കാലം കഴിയുന്നതുവരെ നിന്റെ ചില

വിന്നു വേണ്ടിവരുന്ന പണം അമലയുടെ കൈവശം കൊടുത്ത് ഞാൻ ഏല്പിച്ചിരിക്കയാണ്. യഥാർത്ഥത്തിൽ ഞാനാണ് നിനക്കുവേണ്ടി നിൻെറ പിതാവിൻെറ വീട് വിലക്കു വാങ്ങിയത്. നിന്നെ ആ ഗൃഹത്തിലേക്കയപ്പിച്ചതും ഞാനാണ്. നിൻെറ അടുക്കലേക്ക് ആ രത്നമാല കൊടുത്തയച്ചതും ഞാൻതന്നെയായിരുന്നു. ഞാൻ അങ്ങിനെ ചെയ്തതു നിൻെറ സത്യനിഷ്ഠയെ പരീക്ഷിപ്പാൻവേണ്ടിയാണ്.”

ഇത്രയും മാധവദേവരാജാവ് പറഞ്ഞപ്പോൾ ഹിരണ്മയി ചോദിച്ചു— “ഇങ്ങിനെയാണെങ്കിൽ ഇവിടേക്ക് ഈ മോതിരം എങ്ങിനെ കിട്ടി? അതു കാണിച്ച് ഇവിടുന്ന് എൻെറ നാഥനും സ്വാമിയുമാണെന്നു പറഞ്ഞ് ഇവിടുന്നെന്തിനാണെന്നെ നാണംകെടുത്തുകയും വേദനിപ്പിക്കയും ചെയ്തത്? ഞാൻ പുരന്ദരൻെറ വീട്ടിൽ അദ്ദേഹത്തിൻെറ അധീനത്തിലാണു പാക്കുന്നതെന്നു പറഞ്ഞ് എന്നെ തെററായി ധരിപ്പിച്ചതും എന്തിനാണ്?”

രാജാ:— ആനന്ദസ്വാമികൾ എന്നെ ഏല്പിച്ച ദിവസം മുതൽ നിൻെറ നടവടിയും സ്വഭാവവും പരീക്ഷിക്കുന്നതിന്നു ഞാൻ പ്രത്യേകം ആളുകളെ ഏപ്പെടുത്തിയിട്ടുണ്ടായിരുന്നു. അമല മുഖേന ഞാൻ നിന്നെ പരീക്ഷിപ്പാൻ ശ്രമിച്ചത് അപ്പോഴാണ്. ഇന്ന് അഞ്ചു സംവത്സരം പൂത്തിയാകുന്ന ദിവസമാണെന്നറിഞ്ഞു നിൻെറ ഭത്താവിനെ ഞാൻ ആളയച്ചു വരുത്തി. ഇ

ന്നു രാത്രി അയാളുടെ ഭാൎയ്യയെ കാണ്മാൻ സാധിക്കു മെന്നു ഞാൻ അയാളോടു പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞ ഉത്തരം "രാജാവേ! മാപ്പുതരണം. അവളെ കാണ്മാൻ എനിക്കു തീരെ ആഗ്രഹമില്ല. ഞങ്ങൾ തമ്മിൽ കാണാതെ വേറിട്ടിരിക്കുന്നതാണ് രണ്ടുപേക്ഷം നല്ലത്" എന്നാണ്. എന്നാൽ ഞാൻ അധികാരത്തോടുകൂടി സംസാരിച്ചപ്പോൾ അയാൾ എന്റെ അഭിപ്രായം സമ്മതിച്ച് "അവളുടെ ഇതേ വരെയുള്ള ജീവിതത്തിന്റെയും നടവടിയുടേയും വിവരം ഇവിടേക്കേ ഉള്ളൂ. മാന്യനായ ഒരു പൌരന്റെ ഭാൎയ്യയാകാൻ അവൾക്കു യോഗ്യതയുണ്ടോ എന്നു നിൎണ്ണയിക്കേണ്ടതും ഇവിടുന്നാണ്. എന്റെ നിലയിലുള്ള ഒരു ഉത്തമപൌരനെ ഹീനയായ ഒരുവളോടു ചേൎക്കുവാൻ സത്യനിഷ്ഠനും മാന്യനുമായ ഇവിടുന്നു ശ്രമിക്കയില്ലെന്നു വിശ്വസിച്ചാണ് ഞാനിതു സമ്മതിക്കുന്നത്" എന്നെന്നോടു പറഞ്ഞു. അതുപ്രകാരമാണ് അയാളോടു ഈ മോതിരം വാങ്ങിയതും ഇതുമുഖേന നിന്നെ പരീക്ഷിച്ചതും. എന്റെ പരീക്ഷകളിൽ നീ ബഹുമതിയോടുകൂടി ജയിച്ചിരിക്കുന്നു.

ഹിര:—തിരുമേനി എന്നെ എപ്പോൾ എങ്ങിനെ പരീക്ഷിച്ചുവെന്ന് അടിയനു വ്യക്തമായില്ല.

സംഭാഷണം ഇത്രത്തോളമായപ്പോഴക്ക് സമയം രാത്രി പതിനൊന്നുമണി സമീപിച്ചു. ആ പ്രദേശങ്ങളെല്ലാം ധവളമായ ചന്ദ്രരശ്മിപൂരത്തിൽ കുളിച്ച് വെള്ള

വീശിയതുപോലെ കാണപ്പെട്ടു. ഇതേവരെ നിശ്ശബ്ദതയിൽ ലയിച്ചിരുന്ന രാജധാനിയിൽ പെട്ടെന്ന് ഒരു കോലാഹലമുണ്ടായി. അനേകവിധത്തിലുള്ള വാദ്യഘോഷങ്ങൾ എല്ലാടവും കേട്ടുതുടങ്ങി. ആർപ്പുവിളിയും പെരുമ്പറയൊച്ചയും ഉച്ചത്തിൽ പുറപ്പെട്ടു. സംഗീതകുശലന്മാരായ ഗായകന്മാരുടെ ഗീതമാധുര്യത്താൽ ശ്രോതാക്കൾ ആനന്ദതുന്ദിലന്മാരായിത്തീൎന്നു. ഹിരണ്മയി ഇതെല്ലാം കേട്ടിട്ട് ആകപ്പാടെ ഒന്നമ്പരന്നുപോയി. എങ്കിലും, ഇതുവരെ അനുഭവിച്ച കഷ്ടപ്പാടുകളെക്കാൾ മേലെയായി ഇനി ഒന്നും വരുവാനില്ലെന്നു വിചാരിച്ച് അവൾ സമാധാനപ്പെട്ടു.

അതിനിടയിൽ രാജാവു പറഞ്ഞു. "ഹിരണ്മയി! ഇതാ പതിനൊന്നു മണിയടിച്ചു. നിന്റെ ഭൎത്താവ് ഇവിടെ വന്നിരിക്കുന്നു. നിനക്ക് അയാളെ കാണ്മാനുള്ള ശുഭസമയമായി. ഇതാ ഇതിലെ അകത്തു പ്രവേശിച്ചാലും" ഇങ്ങിനെ പറഞ്ഞുകഴിഞ്ഞപ്പോഴക്ക് ഹിരണ്മയി നിന്നിരുന്ന മുറിയുടെ പിൻഭാഗത്തുള്ള ഒരു കവാടം പെട്ടെന്നു തുറക്കപ്പെട്ടു. വിശേഷരീതിയിൽ അലങ്കരിച്ചിരുന്ന ആ മുറിയിൽ സുന്ദരനായ ഒരു യുവാവ് നില്ക്കുന്നുണ്ടായിരുന്നു. "ഹിരണ്മയി! നിന്റെ ഭൎത്താവ് ഇതാ യഥേഷ്ടം വരിച്ചുകൊൾക" എന്ന് രാജാവ് അവളോടു പറഞ്ഞു.

ഹിരണ്മയി തല ഉയൎത്തി നോക്കി. അഹോ വിസ്മയം. അവൾ അവിടെ കണ്ടത് ആരെയാണ്? എന്ത്,

അവൾ സ്വപ്നം കാണുകയായിരിക്കുമോ? കുട്ടിക്കാലത്തു തന്നോടൊന്നിച്ചു കളിച്ചു വളൎന്നവനും, താൻ കാരണമായി നാടുവിട്ടുപോയവനും, തന്റെ ഹൃദയക്ഷേത്രത്തിലെ ആരാധനാമൂൎത്തിയുമായ ആ പുരന്ദരനെയല്ലേ അവൾ തന്റെ മുമ്പിൽ കാണുന്നത്? അതെ, അല്ലാതെ ആരെയാണ്?

അപ്രതീക്ഷിതമായുണ്ടായ ഈ ദൎശനത്തിൽ ഹിരണ്മയിയെപ്പോലെതന്നെ പുരന്ദരനും സന്തോഷസാഗരത്തിൽ നിമഗ്നനായി. അയാൾ ഇതെല്ലാം എന്തോ ഒരു മായയായിരിക്കുമെന്നു വിചാരിച്ചു നിന്നുപോയി. രണ്ടുപേൎക്കും അന്യോന്യം നോക്കുവാനോ സംസാരിക്കുവാനോ ശക്തി ഉണ്ടായില്ല. നിന്ന നിലയിൽത്തന്നെ രണ്ടുപേരും കുറച്ചുനേരം നിന്നുപോയി.

* * * * * * *

കുറച്ചു കഴിഞ്ഞപ്പോൾ രാജാവ് ഇങ്ങിനെ പറഞ്ഞു:—"ഹേ പുരന്ദര! ഈ ഹിരണ്മയി നിന്റെ ഹൃദയപൂൎവ്വമായ പ്രേമത്തിനും ബഹുമാനത്തിനും അൎഹയാകുന്നു. ഇവൾക്കു നിന്നിലുള്ള പ്രേമം വലുതായ കാലവ്യവധാനംകൊണ്ടോ കഷ്ടാനുഭവങ്ങളെക്കൊണ്ടോ തെല്ലുപോലും കുറഞ്ഞിട്ടില്ല. ഇവളുടെ എല്ലാം നടവടികളും സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞിട്ടുള്ള എനിക്ക്, അവളുടെ മനസ്സിൽ നിനക്കല്ലാതെ ഒരാൾക്കും തെല്ലുപോലും ഇടംകിട്ടീട്ടില്ലെന്ന് ഉറപ്പായി പറയുവാൻ കഴിയും. നിന്റെ ആവശ്യപ്രകാരം ഞാൻ അവളെ വളരെ പരീക്ഷി

ച്ച് ക്ലേശിപ്പിച്ചു. അവൾ രാജപദവിയുടേയോ ദ്രവ്യസമൃദ്ധിയുടേയോ പ്രലോഭനത്തിന്നധീനയായില്ല. അവൾ എൻെറ ഭാര്യയാണെന്നും എനിക്കവളിൽ ശങ്കയുണ്ടെന്നും ഞാൻ പറഞ്ഞു. ആ അപവാദത്തിൽ അവൾക്കു നീരസമാണ് തോന്നിയത്. അല്ലാതെ സ്ത്രീസഹജമായ പശ്ചാത്താപത്തോടുകൂടി എൻെറ കാക്കൽവീണു തന്നെ സദയം സ്വീകരിക്കേണമെന്നപേക്ഷിക്കുകയല്ല അവൾ ചെയ്തതു്. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ നിന്നെ അവൾ മറന്നിരിക്കുന്നുവെന്നും, നിന്നിൽ ദൃഢമായ പ്രേമം അവൾക്കില്ലെന്നും ശങ്കിക്കാമായിരുന്നു. 'ഞാൻ നികൃഷ്ടയും ഹീനയുമാണ്. രാജമഹിഷിയാവാൻ യോഗ്യയല്ല. എന്നെ ഉപേക്ഷിച്ചേക്കൂ' എന്നാണവൾ എന്നോടു പറഞ്ഞത്."

ഇങ്ങിനെ പുരന്ദരനോടു പറഞ്ഞശേഷം രാജാവ് ഹിരണ്മയിയെ നോക്കി പറഞ്ഞു:—"ഹേ ഹിരണ്മയി! നിന്നെ ഞാൻ സ്നേഹബഹുമാനങ്ങളോടുകൂടി അഭിനന്ദിക്കുന്നു. അമലയെ കുറ്റപ്പെടുത്തുവാൻ വയ്യെന്നു കരുതി ആ ഇല്ലാത്ത കുറ്റത്തിന്നുകൂടി തലകാട്ടിയ നിൻെറ ഹൃദയവിശാലതയെ ഞാൻ നമസ്കരിക്കുന്നു. അനുരാഗത്താൽ ബന്ധിക്കപ്പെടാത്ത വിവാഹത്തെക്കാൾ നല്ലതു കഷ്ടതയും ദാരിദ്ര്യവുമാണെന്നു ഉറപ്പായി ഉപദേശിക്കുന്ന നിൻെറ ദൃഢമായ പ്രേമത്തെ ഞാൻ ബഹുമാനിക്കുന്നു. ഭദ്രേ! ഭവതിക്കും ഭവതിയുടെ ഭർത്താവിന്നും ആ

യുരാരോഗ്യസമ്പൽസമൃദ്ധികൾ ഉണ്ടാകുവാൻ സൎവ്വശക്തനായ ഈശ്വരൻ കടാക്ഷിക്കട്ടെ."

ഇത്രയുമായപ്പോൾ ഹിരണ്മയി, അടക്കിയാലടങ്ങാത്തതായ ജിജ്ഞാസയോടുകൂടി, പിതൃതുല്യനായ രാജാവിനോട് സിംഹളദ്വീപിൽ പോയി കച്ചവടം ചെയ്തിരുന്ന പുരന്ദരൻ കാശിയിൽ വന്നു തന്നെ വിവാഹം ചെയ്തതെങ്ങിനെയാണെന്നും, വിവാഹവൎത്തമാനം ഇത്ര ഗോപ്യമായി സൂക്ഷിച്ചതെങ്ങിനെയെന്നും ചോദിച്ചു: അതിന്നു സമാധാനമായി രാജാവ്, അതെല്ലാം ആനന്ദസ്വാമിയും പുരന്ദരൻെറ പിതാവുംകൂടി ആലോചിച്ചു നടത്തിയതാണെന്നും, എന്നാൽ പുരന്ദരൻ തന്നെ കാശിയിലേക്ക കൊണ്ടുപോയതും മററും എന്തിനാണെന്നറിഞ്ഞിട്ടില്ലെന്നും, പോകുംവഴിക്ക സ്വദേശത്തിറങ്ങാഞ്ഞതുകൊണ്ടാണ് നാട്ടുകാർ വിവരം അറിയാഞ്ഞതെന്നും മററും വിസ്തരിച്ചു പറഞ്ഞു ധരിപ്പിച്ചു.

ഒടുവിൽ പുരന്ദരൻ ഭക്തിബഹുമാനങ്ങളോടുകൂടി മാധവദേവരാജാവിനെ നമസ്കരിച്ച് ഇങ്ങിനെ പറഞ്ഞു:—

"എൻെറ മനസ്സിന്ന് അളവററ സന്തോഷവും എൻെറ മനോരഥത്തിന്നു സാഫല്യവും വരുത്തിത്തന്ന്, എന്നോളം ഭാഗ്യമുള്ള ഒരു പൌരൻ ഈ രാജ്യത്തില്ലെന്നു പറയുവാൻ എന്നെ അൎഹതയുള്ളവനാക്കിയ മഹാരാജാവേ! ഇവിടേക്ക സൎവ്വസുഖങ്ങളേയും സകല ലോ

കനിയന്താവായ ജഗദീശ്വരൻ പ്രദാനംചെയ്യട്ടേ. ഈ ചുമലുകളിൽ ഈ ശിരസ്സ് ഇരിക്കുന്ന കാലത്തോളം ഇ യ്യുള്ളവൻ തിരുമേനിയുടെ തൃപ്പാദഭക്തനും ഇവിടുന്ന് ഇയ്യുള്ളവൻെറയും ഈ നിൽക്കുന്ന പാവപ്പെട്ട ഹിരണ്മ യിയുടേയും രക്ഷകനും ആണ്."

# സരസ്വതീവിലാസം പുസ്തകശാല.
## തൃശ്ശിവപേരൂർ.

---

**1. ശ്രീകൃഷ്ണലീലകൾ** വില ക. 1—0—

ശ്രീകൃഷ്ണഭഗവാന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണംവ
യുള്ള കഥകൾ മുഴുവനും, കുട്ടിവായിക്കാറായ കൊച്ചുകുട്ടികൾക്കുകൂട
മനസ്സിലാകത്തക്കവണ്ണം വളരെ ലളിതമലയാളത്തിൽ എഴുതിയ
രിക്കുന്നു. ഒന്നാംപതിപ്പിനേക്കാൾ ചില ഭാഗങ്ങൾകൂടി കൂട്ടിച്ചേർത്ത്
പരിഷ്കരിച്ച രണ്ടാംപതിപ്പാണിത.

**2. ഹരിശ്ചന്ദ്രൻ** 0—9—

സത്യം എന്ന ധർമ്മത്തിന്നു മററുള്ള സർവ്വ ധർമ്മങ്ങളേക്കാൾ ഉ
ൽക്കൃഷ്ടാധിക്യമുണ്ടെന്നുള്ള സംഗതിയാണ് ഹരിശ്ചന്ദ്രന്റെ കഥയി
നിന്നും പഠിക്കുവാനുള്ളത്. വിശ്വാമിത്രരുടെ മായാപ്രയോഗങ്ങ
നിമിത്തം ദുസ്സഹങ്ങളായ നിരവധി ദുഃഖങ്ങൾ ഹരിശ്ചന്ദ്രൻ അന
ഭവിച്ചതു സത്യധർമ്മത്തിന്റെ രക്ഷയ്ക്കു വേണ്ടിയാണ്. ആ ദുഃഖാന
ഭവങ്ങൾകൊണ്ടു അദ്ദേഹത്തിന്നു അവസാനത്തിൽ പൂർവ്വാധികമായ
ഈശ്വരപ്രീതിയും സുഖവും മാന്യപദവിയും സിദ്ധിക്കുകയുംചെയ്തു
എന്താപത്തുകൾ വന്നാലും സത്യത്തെ കൈവിടരുതെന്ന ഇക്കഥ വ
ളരെ ലളിതമലയാളത്തിൽ എഴുതിയിരിക്കുന്നു.

**3. പ്രഹ്ളാദൻ** 0—8—

പൌരസ്ത്യലോകം പാശ്ചാത്യാഡംബരപ്പകിട്ടിൽ അല്പമൊന്നു
വിസ്മരിച്ചുപോയതും ഇപ്പോൾ വീണ്ടും ആരാഞ്ഞുതുടങ്ങിയിട്ടുള്ളതു
മായ ഭാരതീയാദർശം—അതായത്, ആത്മത്യാഗത്തോടുകൂടിയ പര
മഭക്തിയും, കർത്തവ്യസ്ഥൈര്യവും, ക്ലേശസഹിഷ്ണുതയും—തന്നെയാ
ണ് ഈ നിഷ്കളങ്കാശയനായ പ്രഹ്ളാദനിൽനിന്നും പഠിക്കുവാനു
ള്ളത.

**4. ധ്രുവൻ** 0—6—0

ഉത്താനപാദമഹാരാജാവിന്റെ പുത്രനും ശിശുപ്രായത്തെ അ
തിക്രമിച്ചിട്ടില്ലാത്തവനുമായ ഭഗവൽഭക്തശിരോമണിയായ ധ്രുവൻ
പിതാവിന്റെ ലാളനകളനുഭവിക്കുവാൻ സാധിക്കാത്തതുമൂലം വിര

17 DEC 1942

MUL
041944